# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## വേങ്ങൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**എറണാകുളം-682030**

**ഇ-മെയിൽ: doekm.ksad@kerala.gov.in**

**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ-ഇ കെ എം.(പി2)1786/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 27/12/2024
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേങ്ങൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ-ഇ കെ എം.(പി2)1786/24 തീയ്യതി: 27/12/2024

## എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-12-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സിനി എം.വി. | ജോയിന്റ് ഡയറക്ടർ | 05-12-2024 | 13-12-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1.ശ്രീമതി ബിന്ദു സദാനന്ദൻ, ഓഡിറ്റ് ഓഫീസർ
2. ശ്രീമതി ഷൈനി പി. എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3.ശ്രീമതി ജമീല ബീവി എം, സീനിയർ ഗ്രേഡ് ഓഫീസർ
4.ശ്രീമതി ബെറ്റ്സി സി.എക്സ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശില്പ സുധീഷ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ അഫ്സൽരാജ് എം ആർ | സെക്രട്ടറി | 01-04-2023 | 31-03-2024 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ നിതീഷ് ബാബു എം | കൃഷി ഓഫീസർ | 01-04-2023 | 27-11-2023 |
| ശ്രീമതി.ഹാജിറ.പി.എച്ച് | കൃഷി ഓഫീസർ | 28-11-2023 | 04-12-2023 |
| ശ്രീമതി.ബബിത പി.എസ് | കൃഷി ഓഫീസർ | 05-12-2023 | 31-03-2024 |
| ശ്രീമതി സുജാത പി വി | ഹെഡ്മിസ്ട്രസ് | 01-04-2023 | 31-03-2024 |
| ശ്രീമതി രമ്യ കെ എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ഡോ.അനുരാധ ആർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 13-02-2024 |
| ഡോ.അഞ്ജു | മെഡിക്കൽ ഓഫീസർ, ആയുർവേദം | 14-02-2023 | 31-03-2024 |
| ഡോ.ആനന്ദ് സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ(സി എച്ച് സി) | 01-04-2023 | 01-07-2023 |
| ഡോ.വിക്ടർ ജോസഫ് കൊറേയ | മെഡിക്കൽ ഓഫീസർ(സി എച്ച് സി) | 02-07-2023 | 31-03-2024 |
| ശ്രീ സുധീഷ് കുമാർ.സി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീമതി റഫീനബീവി എം എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-05-2023 |
| ശ്രീമതി ശ്രീലത.വി.സി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-06-2023 | 31-07-2023 |
| ശ്രീമതി റഫീനബീവി എം എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-08-2023 | 31-03-2024 |
| ശ്രീ. എഡിസൺ മാത്യു | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീ. സുഭാഷ് ജി. | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി ബേബിമോൾ എസ് | വി ഇ ഒ (വേങ്ങൂർ) | 01-04-2023 | 31-03-2024 |
| ശ്രീ അനന്തു കെ എൽ | വി ഇ ഒ (കൊമ്പനാട്) | 01-04-2023 | 27-05-2023 |
| ശ്രീമതി ബേബിമോൾ എസ് | വി ഇ ഒ (കൊമ്പനാട്) | 28-05-2023 | 27-06-2023 |

| | | | |
|---|---|---|---|
| ശ്രീ അനന്തു കെ എൽ | വി ഇ ഒ (കൊമ്പനാട്) | 28-06-2023 | 30-07-2023 |
| ശ്രീമതി ബേബിമോൾ എസ് | വി ഇ ഒ (കൊമ്പനാട്) | 31-07-2023 | 14-11-2023 |
| ശ്രീമതി.കാർത്തിക.കെ.ബി | വി ഇ ഒ (കൊമ്പനാട്) | 15-11-2023 | 11-12-2023 |
| ശ്രീമതി ബേബിമോൾ എസ് | വി ഇ ഒ (കൊമ്പനാട്) | 12-12-2023 | 07-01-2024 |
| ശ്രീമതി.കാർത്തിക.കെ.ബി | വി ഇ ഒ (കൊമ്പനാട്) | 08-01-2024 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത. | 1-1-2 |
| 4 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ആസ്തി രജിസ്റ്ററിലെ അപാകതകൾ | 1-1-4 |
| 6 | നിക്ഷേപ പ്രവൃത്തിക്കായി നൽകിയതിൽ ചെലവഴിക്കാത്ത മുഴുവൻ തുകയും ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടില്ല | 1-1-5 |
| 7 | നിക്ഷേപ പ്രവൃത്തി - കെ.എസ്.ഇ.ബി. | 1-1-6 |
| 8 | CFC ഗ്രാന്റ് | 1-1-7 |
| 9 | ഹെൽത്ത് ഗ്രാന്റ് | 1-1-8 |
| 10 | ലിറ്ററസി ഗ്രാന്റ് | 1-1-9 |
| 11 | 320100152 Other Schemes | 1-1-10 |
| 12 | പ്രോഗ്രാം ഫോർ പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് | 1-1-11 |
| 13 | കോവിഡ് ഡൊണേഷൻ ഹെഡ് | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | മാലിന്യസംസ്കരണം - ഹരിതകർമ്മസേനയിലൂടെ | 1-10 |
| 23 | തൊഴിൽ നികുതി അപാകതകൾ | 1-11 |
| 24 | വസ്തുനികുതി അപാകതകൾ | 1-12 |
| 25 | ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല-₹204820/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-13 |
| 26 | സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പ്രവർത്തന സജ്ജമാക്കേണ്ടതാണ് | 1-14 |
| 27 | വിവിധ പ്രോജക്ടുകളുടെ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.₹32,41,102/ - രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-15 |
| 28 | വാഴകൃഷിക്ക് കൂലിചിലവ്-ആനുകൂല്യം ലഭ്യമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല | 1-16 |

| | | |
|---|---|---|
| 29 | മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചിട്ടില്ല. | 1-17 |
| 30 | മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ വിനിയോഗിക്കാതെ തുടരുന്നു. | 1-18 |
| 31 | ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-19 |
| 32 | ഗുണഭോക്താക്കളുടെ മരണശേഷവും തുക നൽകി | 1-20 |
| 33 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. നടപ്പിലാക്കിയ പ്രോജക്ടുകൾ - ചെലവ് രേഖകൾ ഹാജരാക്കിയില്ല-₹659728/-തടസ്സപ്പെടുത്തുന്നു. | 1-21 |
| 34 | മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കാതെ ഫണ്ട് ലാപ്സാക്കുന്നു | 1-22 |
| 35 | മരാമത്ത് പ്രവൃത്തികളിൽ സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിൽ വീഴ്ച | 1-23 |
| 36 | മരാമത്ത് പ്രവൃത്തികളിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ വാർഡുകളിലെ കുടിവെള്ള പദ്ധതികൾ നടപ്പാക്കിയിട്ടില്ല. | 1-24 |
| 37 | എസ്റ്റിമേറ്റ് പ്രകാരമുള്ള കോൺക്രീറ്റ് പ്രവൃത്തി പൂർണമായും ചെയ്യാതിരിക്കെ എസ്റ്റിമേറ്റ് അളവിൽ അധികരിച്ച് കമ്പി ഉപയോഗിച്ചിരിക്കുന്നു. | 1-25 |
| 38 | എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ പൊതുമരാമത്ത് ചട്ടങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. | 1-26 |
| 39 | മരാമത്ത് പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം - ഫൈൻ ഈടാക്കേണ്ടതാണ്. | 1-27 |


## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗ വിവരം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

1.കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 20.06.2024 ലെ 3 -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 19.07.2024-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് -2024 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കാക്കനാട്

തീയതി: 27-12-2024

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്)) ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 23-24 കാലയളവിലെ 'Net Increase (Decrease) In Cash And Cash Equivalent" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹1,52,47,636/ ആണ്. എന്നാൽ ഇതേ പത്രികയിലെ 'Net Cash Generated By Operating + Investing+ Financing Activity" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹3,12,08,050/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വസ്തുനികുതി കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-4 ആസ്തി രജിസ്റ്ററിലെ അപാകതകൾ

നിലവിലുള്ള ആസ്തി രജിസ്റ്ററിന്റെ രൂപകൽപന പിന്തുണക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള ആസ്തി മൂല്യം രജിസ്റ്ററിൽ കണ്ടെത്താനാകുന്നില്ല.

### 1-1-5 നിക്ഷേപ പ്രവൃത്തിക്കായി നൽകിയതിൽ ചെലവഴിക്കാത്ത മുഴുവൻ തുകയും ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടില്ല

അനെർട്ടിന് സോളാർ ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി നൽകിയിട്ടുള്ള ₹1,49,998/- ബാലൻസ് ഷീറ്റിലെ ബി-18 ഷെഡ്യൂളിൽ അഡ്വാൻസ് ടു ഇംപ്ലിമെന്റിങ്ങ് ഏജൻസീസ്-ഡെപ്പോസിറ്റ് വിത്ത് ANERT (460500901) എന്നതിൽ ഉൾപ്പെടുത്താതെ ചെലവിൽ മാത്രം കാണിച്ചു. അഡ്വാൻസ് ഹെഡിൽ നിന്നും (RP49/B18) ചെലവ് നടത്താതെ 2ൽ തുടങ്ങുന്ന ചെലവ് ഹെഡിൽ നിന്നും നേരിട്ട് തുക ചെലവഴിച്ചതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-1-6 നിക്ഷേപ പ്രവൃത്തി - കെ.എസ്.ഇ.ബി.

നിക്ഷേപ പ്രവൃത്തികൾക്കായി ആകെ ₹26,84,096/- കൈമാറിയിട്ടുണ്ടെങ്കിലും 2175730/-രൂപ മാത്രമാണ് വാർഷിക ധനകാര്യപത്രികയുടെ മുൻകൂർ ശീർഷകത്തിൽ ചേർത്തിട്ടുള്ളത്. കെ.എസ്.ഇ.ബി.യ്ക്ക് 25,34,096/-രൂപയാണ് നൽകിയിട്ടുള്ളത്. കെ.എസ്.ഇ.ബി.യ്ക്ക് നൽകിയ തുകയിൽ (2534096 – 2175730) 3,58,366/-രൂപയുടെ വ്യത്യാസം വന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-1-7 CFC ഗ്രാന്റ്

ബേസിക് + ടൈഡ് ആകെ ചെലവ് വാർഷിക ധനകാര്യപത്രിക പ്രകാരം 1,10,15,010/-രൂപയാണ്. എന്നാൽ സുലേഖ പ്രകാരം ആകെ ചെലവ് 1,10,55,719/-രൂപയാണ്. വ്യത്യാസം 40,709/-രൂപ. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം കൂടുതൽ ചെലവ് വന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

### 1-1-8 ഹെൽത്ത് ഗ്രാന്റ്

ഹെൽത്ത് ഗ്രാന്റ് 32100202 ഹെഡിലെ I-6 ഷെഡ്യൂൾ പ്രകാരം ₹2,24,795/- ആണ്. എന്നാൽ ട്രയൽ ബാലൻസ് പ്രകാരം ₹2,33,170/- ആണ്. 8,375/-രൂപയുടെ വ്യത്യാസം ഉണ്ട്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-1-9 ലിറ്ററസി ഗ്രാന്റ്

320100197 ലിറ്ററസി ഗ്രാന്റ് ബി17 ഷെഡ്യൂളിൽ ബാങ്ക് ഓഫ് ഇന്ത്യ സാക്ഷരത അക്കൗണ്ടിൽ 2,010/-രൂപയാണ് നീക്കിയിരിപ്. ബി4 പ്രകാരം നീക്കിയിരിപ്പ് ₹5,610/-. വ്യത്യാസം 3,600/-രൂപ. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-1-10 320100152 Other Schemes

ടി അക്കൗണ്ടിന്റെ I-6 ഷെഡ്യൂൾ പ്രകാരം ചെലവ് 4,00,006/-രൂപയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ ലെഡ്ജറിൽ ചെലവ് ₹4,00,000/- എന്ന് കാണിച്ചിരിക്കുന്നു. 6/- രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

### 1-1-11 പ്രോഗ്രാം ഫോർ പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ്

320100145 പ്രോഗ്രാം ഫോർ പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ബി-4 പ്രകാരം നീക്കിയിരിപ്പ് 12,14,915/-ആണ്. ബി-17 പ്രകാരം 3,50,175/- ആണ് നീക്കിയിരിപ്പ്. ബി-4, ബി-17 ഷെഡ്യൂളുകൾ തമ്മിൽ 8,64,740/-രൂപയുടെ വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-1-12 കോവിഡ് ഡൊണേഷൻ ഹെഡ്

320100102 കോവിഡ് ഡൊണേഷൻ ഹെഡ് ബി-4 പ്രകാരം നീക്കിയിരിപ്പ് ₹53,952/- ആണ്. ബി-17 ഷെഡ്യൂളിലെ കോവിഡ് ഡിസ്ട്രസ് റിലീഫ് ഫണ്ടിൽ 54,687/- രൂപ നീക്കിയിരിപ്പുണ്ട്. ബ-4, ബി-17 ഷെഡ്യൂളുകൾ തമ്മിൽ 735/-രൂപയുടെ വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-2 ബജറ്റ്

സ്ഥാപനത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് 17.03.2023 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് ബജറ്റിന് 25.01.2024 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

| | ബജറ്റ് പ്രകാരമുള്ള വരവ് – ചെലവ് കണക്കുകൾ (റിവൈസ്ഡ്) |
|---|---|
| മുന്നിരിപ്പ് | 75,07,630.00 |
| വരവ് | 33,21,57,083.00 |
| ആകെ | 33,96,64,713.00 |
| ചെലവ് | 33,08,70,487.00 |
| നീക്കിയിരിപ്പ് | 87,94,226.00 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹4,10,25,429/- |
| ഓഡിറ്റ് വർഷത്തെ വരവ് | ₹6,98,95,387/- |
| ആകെ | ₹1,10,920,816/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹5,46,47,751/- |
| നീക്കിയിരിപ്പ് | ₹5,62,73,065/- |

ഈ പത്രികയിലെ ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടെയും മറ്റു വരവ് ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 37294000 (*) | 37294000 | 30583332 (**) | 0 | 6710668 | (*)ജി.ഒ പ്രോജക്ട് 3200887 (**)ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 3149292 |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4925000 (*) | 4925000 | 4297053 (**) | 0 | 627947 | (*)ജി.ഒ പ്രോജക്ട് 1649717 (**)ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 75161 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 836723 | 836723 | 805,532 | 0 | 31191 | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 20430000 | 20430000 | 16940550 | 0 | 3489450 | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4009400 | 4009400 | 3655810 (*) | 0 | 353590 | (*)ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 146153 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied-ബാങ്ക്) | 8666554 | 4631500 | 13298054 | 5582404 (*) | 7715650 | 0 | (*)ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 3514073 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied-ബാങ്ക്) | 4158042 | 6175000+ 353593 (പലിശ) | 10686635 | 5432606 (*) | 5254029 | 0 | (*)ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 2943801 |
| 320100130 -MPLAD സ്കീം | 0 | 1821226 | 1821226 | 0 | 1821226 | 0 | |
| 320100145 - നാഷണൽ പ്രോഗ്രാം ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് | 1134386 | 426779 (*) | 1561165 | 346250 | 1214915 | 0 | (*)ബാങ്ക് പലിശ 2629/- |
| 320100156 (RGPSA) | 24077 | - | 24077 | - | 24077 | 0 | |
| 320100181 - ടോട്ടൽ സാനിട്ടേഷൻ ക്യാംബെൻ | 66142 | 0 | 66142 | 0 | 66142 | 0 | |
| 320100182 - ടോട്ടൽ സാനിട്ടേഷൻ സ്കീം | 866718 | 0 | 866718 | 0 | 866718 | 0 | |
| 320100191 - നിർമൽ പുരസ്കാരം | 380000 | 0 | 380000 | 0 | 380000 | 0 | |
| 320100196 ICDS | 2120579 | 1261111 | 3381690 | 340929 | 3040761 | 0 | |
| ഹെൽത്ത് ഗ്രാന്റ് 320100202 | 406632 | 852505 (*) | 1259137 | 233170 | 1025967 | 0 | (*)ബാങ്ക് പലിശ ₹14505/- |
| ഹെൽത്ത് ഗ്രാന്റ് 320100204 | 253242 | 362609 (*) | 615851 | 237592 (++) | 378259 | 0 | (*) ബാങ്ക് പലിശ 6609/- (++)ബാങ്ക് ചാർജ് 5/- |
| 320200203 ഫിഷറീസ് ഫണ്ട് | 1032 | - | 1032 | - | 1032 | 0 | |
| 320200399 ലൈഫ് -സംസ്ഥാന വിഹിതം | 1644000 | 9000000 | 10644000 | 6140000 | 4504000 | 0 | |
| 320300103 (PBIG) | 509863 | 0 | 509863 | 0 | 509863 | 0 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 320300199 അഗതി രഹിത കേരളം/ ആശ്രയ ഫണ്ട് | 387196 | 1450268 (*) | 1837464 | 392935 | 1444529 | | (*)ബാങ്ക് പലിശ 16935/- |
| കോവിഡ് ഫണ്ട് സംഭാവന 320900102 | 53535 | 417 (*) | 53952 | 0 | 53952 | 0 | (*)ടി തുക RP30ൽ ഉൾപ്പെട്ടിട്ടില്ല |
| ലിറ്ററസി ഗ്രാന്റ് 320100197 | 5610 | 0 | 5610 | 0 | 5610 | 0 | |
| മറ്റ് ബാധ്യതകൾ 320100999 | 36003 | 12350 | 48353 | 26272 (*) | 22081 | 0 | (*)I-6 ഷെഡ്യൂളിൽ ഏത് ഹെഡ് ആണെന്ന് വ്യക്തമല്ല |
| അദർ സ്കീംസ് 320100152 | - | 1900000 | 1900000 | 400000 (*) | 1500000 | 0 | (*)I-6ഷെഡ്യൂളിൽ ₹6 കൂടുതലായി കാണിച്ചിട്ടുണ്ട്. |
| നബാർഡ് അസിസ്റ്റൻസ് 320100101 | 3000 | - | 3000 | - | 3000 | 0 | |

**കുറിപ്പ്**

ബജറ്റ് പ്രകാരം പഞ്ചായത്തിന് അനുവദിക്കുന്ന ഗ്രാന്റുകൾ കാര്യക്ഷമമായി ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വിവിധ ഇനങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ ഒന്നും പൂർണ്ണമായി ചെലവഴിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട ഗ്രാന്റ് നഷ്ടപ്പെടുത്തുന്നത് അഭിലഷണീയമല്ല. ഓരോ വർഷവും ഗ്രാന്റായി ലഭിക്കുന്ന തുകയുപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ യഥാസമയം പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ഭരണസമിതി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 320 | ₹240891485 | ₹96147868 | 180 | 64 | 76 | 56.25% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 758383 | 927902 | 1686285 | 1681688 | 4597 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 31057946 | 31057946 | 31057946 | 0 |
| ആകെ | 758383 | 31985848 | 32744231 | 32739634 | 4597 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0.00 | 0 |
| കർഷകതൊഴിലാളി പെൻഷൻ | ₹9,271,800.00 | 796 |
| വിധവാ പെൻഷൻ | ₹8,683,100.00 | 794 |
| വാർദ്ധക്യകാല പെൻഷൻ | ₹20,820,600.00 | 2034 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | ₹2,866,600.00 | 262 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള പെൻഷൻ | ₹571,400.00 | 50 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | ₹120,000.00 | 4 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.12.2024 തീയതിയിൽ ഉച്ചയ്ക്ക് 3 മണിക്ക് സ്ഥാപനതലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹1378/-ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്

1. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2 പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ വാടക കരാർ വ്യവസ്ഥകളെല്ലാം രേഖപ്പെടുത്തി സൂക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3. വാടക രജിസ്റ്റർ ഡി.സി.ബി സ്റ്റേറ്റുമെന്റ് എന്നിവ രേഖപ്പെടുത്തി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4. പഞ്ചായത്ത് കടമുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോ രൂപീകരിക്കേണ്ടതാണ്.

## 1-10 മാലിന്യസംസ്കരണം - ഹരിതകർമ്മസേനയിലൂടെ

കേരള പഞ്ചായത്ത് രാജ് നിയമം 166 (1)-ാം വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കേരള സർക്കാർ നടപ്പാക്കുന്ന ഹരിത കേരള മിഷൻ പദ്ധതിയുടെ ഭാഗമായി 2017 ഒക്ടോബർ മാസത്തിലാണ് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേനാ രൂപീകരണം നടന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വ - മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന ഈ സംഘടനാ സംവിധാനം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനം നിശ്ചയിച്ച യൂസർഫീ വാങ്ങി പ്രധാനമായും അജൈവ മാലിന്യത്തിന്റെയും ജൈവ മാലിന്യത്തിന്റെയും വാതിൽപ്പടി ശേഖരണം നടത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവമാലിന്യം ശേഖരിച്ച്, സംഭരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറലും പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന വിധത്തിൽ പ്രവർത്തിച്ച് കേരളത്തെ മാലിന്യ മുക്തമാക്കുകയെന്നതാണ് ഹരിതകർമ്മസേനയുടെ ലക്ഷ്യം. തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന.

വേങ്ങൂർ ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ നടപ്പാക്കുന്നതിന് വിവിധ പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നുണ്ട്. പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു.

### അടിസ്ഥാനവിവരങ്ങൾ

എറണാകുളം ജില്ലയിൽ വേങ്ങൂർ ഗ്രാമപഞ്ചായത്തിന് 15 വാർഡുകളുള്ള പഞ്ചായത്തിലെ ജനസംഖ്യ 21937 ആണ്. ആൾതാമസമുള്ള 5781 വീടുകളും 382 സ്ഥാപനങ്ങളും ഇവിടെ നിലവിലുണ്ട്. അജൈവ മാലിന്യ ശേഖരണത്തിനായി 2019 ൽ ഹരിത കർമ്മസേന രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. 15 വാർഡുകളിലായി ആകെ 24 ഹരിതകർമ്മസേനാംഗങ്ങൾ മാലിന്യം ശേഖരിക്കുന്ന പ്രവൃത്തിയിൽ ഏർപ്പെട്ട് വരുന്നു.

## മാലിന്യ ശേഖരണ കാര്യക്ഷമത

നിത്യജീവിതത്തിന്റെ ഭാഗമായുണ്ടാകുന്ന അജൈവമാലിന്യങ്ങൾ കഴുകി വൃത്തിയാക്കി ഉണക്കി കൈമാറുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. താഴെ ചേർക്കുന്ന പ്രകാരം ജില്ലാ പാഴ്‌വസ്തു ശേഖര കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്.

| ക്രമ നം. | ശേഖരിക്കേണ്ട മാലിന്യത്തിന്റെ തരം | ശേഖരിക്കുന്ന മാസം |
|---|---|---|
| 1. | പഴയ ചെരുപ്പ്, ബാഗ്, തെർമോകോൾ | ജനുവരി |
| 2. | കണ്ണാടി, കുപ്പി, ചില്ല് | ഫെബ്രുവരി |
| 3. | ഇ-മാലിന്യം(ട്യൂബ് ലൈറ്റ് , സി.എഫ്.എൽ., ബാറ്ററി ഉൾപ്പെടെ), മരുന്ന് സ്ട്രിപ്പുകൾ | മാർച്ച് |
| 4. | പഴയ ചെരുപ്പ്, ബാഗ്, തുണി,തെർമോകോൾ | ഏപ്രിൽ, |
| 5. | കണ്ണാടി, കുപ്പി,ചില്ല് | മെയ് |
| 6. | ഇ-മാലിന്യം (ട്യൂബ് ലൈറ്റ്, സി.എഫ്.എൽ., ബാറ്ററി ഉൾപ്പെടെ), മരുന്ന് സ്ട്രിപ്പുകൾ | ജൂൺ |
| 7 | പഴയ ചെരുപ്പ്, ബാഗ്, തെർമോകോൾ | ജൂലൈ |
| 8 | കണ്ണാടി, കുപ്പി,ചില്ല് | ഓഗസ്റ്റ് |
| 9 | മരുന്ന് സ്ട്രിപ്പുകൾ, തുണി | സെപ്റ്റംബർ |
| 10 | പഴയ ചെരുപ്പ്, ബാഗ്, തെർമോകോൾ | ഒക്ടോബർ |
| 11 | കണ്ണാടി, കുപ്പി, ചില്ല് | നവംബർ |
| 12 | ഇ-മാലിന്യം (ട്യൂബ് ലൈറ്റ്, സി.എഫ്.എൽ., ബാറ്ററി ഉൾപ്പെടെ), മരുന്ന് സ്ട്രിപ്പുകൾ | ഡിസംബർ |

മുൻകൂട്ടി തയ്യാറാക്കിയ കലണ്ടർ പ്രകാരമാണ് ഹരിതകർമ്മസേനവഴി മാലിന്യ ശേഖരണം നടന്നുവരുന്നത്. വാർഡ് തലത്തിലെ വാട്ട്സ് ആപ്പ് ഗ്രൂപ്പ് മുഖേന മാലിന്യ ശേഖരണം സംബന്ധിച്ച് ജനങ്ങളെ മുൻകൂട്ടി അറിയിക്കുന്നുമുണ്ട്.

## മാലിന്യ സംസ്കരണം

പഞ്ചായത്തിൽ ആകെ 10 മിനി എം.സി.എഫുകളും, വേങ്ങൂർ പഞ്ചായത്തോഫീസിനോട് ചേർന്ന് പ്രവർത്തിക്കുന്ന 1 എം.സി.എഫും ആണുമുള്ളത്. 15 വാർഡുകളിലെ വീടുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ ആദ്യം മിനി എം.സി.എഫിലും, പിന്നീട് എം.സി.എഫിലും എത്തിക്കുന്നു. 1050 സ്ക്വ. ഫീ. വിസ്തൃതിയുള്ള എം.സി.എഫിൽ ഫയർ എക്സ്റ്റിംഗ്യൂഷർ, ബക്കറ്റ് എന്നിവ തീ പിടുത്ത സാധ്യത നേരിടുന്നതിന് ഉറപ്പുവരുത്തിയിട്ടുണ്ട്. സ്വീകരിക്കുന്ന മാലിന്യത്തിന്റെ ഭാരം രേഖപ്പെടുത്തുന്നതിനുള്ള വേയിംഗ് മെഷീൻ സ്ഥാപിച്ചിട്ടില്ല. എം.സി.എഫിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ പരമാവധി ഉറവിടത്തിൽ തന്നെ വേർതിരിച്ച് ക്രമീകരിച്ചാണ് എത്തിക്കുന്നത്.

മിനി എം.സി.എഫ്, എം.സി.എഫ്- എന്നിവയുടെ ചിത്രം യഥാക്രമം താഴെ ചേർക്കുന്നു.





## റീസൈക്ലിംഗ്

ഹരിതകർമ്മസേന മുഖേന പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക നടപടികൾ പഞ്ചായത്ത്

സ്വീകരിച്ചിട്ടില്ല. പാതയോരങ്ങളിലും പൊതു ഇടങ്ങളിലും മിനി എം.സി.എഫുകളും ബിന്നുകളും ബോട്ടിൽ ബൂത്തുകളും സ്ഥാപിച്ചിട്ടുണ്ട്.

കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

സി.ഡി.എസ്, കുടുംബശ്രീ എന്നീ കൂട്ടായ്മകളിലൂടെ മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

തൊഴിൽസൃഷ്ടിക്കൽ

2023-24 വർഷം യൂസർ ഫീ ഇനത്തിൽ ₹14,87,250/- കളക്ഷൻ ലഭിച്ചിട്ടുണ്ട്. ഓരോ അംഗത്തിനും ഏകദേശം 180 തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ 24 ഹരിതകർമ്മസേനാംഗങ്ങൾക്ക് ശരാശരി ₹8000/- പ്രതിമാസം വരുമാനമായി ലഭിക്കുന്നുണ്ട്. ഹരിതകർമ്മസേന പ്രവർത്തനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിന് നോട്ടീസ് നൽകുകയും അനൗൺസ്മെന്റ് നടത്തുകയും ചെയ്തിട്ടുണ്ട്.

അടിസ്ഥാന സൗകര്യവികസനം

മാലിന്യനീക്കത്തിനായി 1 ഗുഡ്സ് (KL44B5415) ഓട്ടോ വാടകയ്ക്ക് എടുത്തിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം കുടുംബശ്രീ വഴി നൽകാനുള്ള തീരുമാനം എടുത്തിട്ടുണ്ട്.

പാരിസ്ഥിതിക ആഘാതം

പൊതുനിരത്തുകളിലും ഇടങ്ങളിലും മാലിന്യം തള്ളുന്നത് തടയുന്നതിന് നിശ്ചിത ഇടവേളകളിൽ ഗ്രാമപഞ്ചായത്ത് തലത്തിലുള്ള വിജിലൻസ് സ്ക്വാഡ് പരിശോധനകൾ നടത്തുകയും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്ക് കുടുംബശ്രീ മിഷൻ വഴി പരിശീലനം നൽകിയിട്ടുണ്ട്.

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് എല്ലാ മാസവും അവലോകന യോഗം നടത്തി വരുന്നുണ്ട്. ക്യൂ ആർ കോഡ് പതിപ്പിക്കൽ പൂർത്തിയാക്കിയിട്ടില്ല. സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പ്രവർത്തനക്ഷമമായിട്ടുണ്ട്. ഹരിതമിത്രം ആപ്പ് ഉപയോഗിച്ച് സ്മാർട്ട് ഫോൺ വഴി ഓരോ വാർഡിലുമുള്ള വീടുകളിലേയും സ്ഥാപനങ്ങളിലേയും ക്യൂ ആർ കോഡ് സ്കാൻ ചെയ്യുകയും ഫീസ് ഈടാക്കുകയും ചെയ്യുന്നു. ആയത് ഹരിതമിത്രം വെബ് പോർട്ടൽ മുഖേന സെക്രട്ടറി, അസി. സെക്രട്ടറി, വി.ഇ.ഒ, എച്ച്.ഐ. എന്നിവർ മോണിട്ടർ ചെയ്ത് വരുന്നുണ്ട്.

II മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ (MCF)/റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

1.അടിസ്ഥാന വിവരങ്ങൾ

റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ പഞ്ചായത്തിൽ ഇല്ല. എം.സി.എഫിൽ ഫയർ എക്സ്റ്റിംഗ്വിഷർ സ്ഥാപിച്ചിട്ടുണ്ട്. ബെയിലിംഗ് യൂണിറ്റും, ഷ്രെഡ്ഡിംഗ് യൂണിറ്റും സ്ഥാപിച്ചിട്ടില്ല. എം സി എഫ്-ആർ ആർ എഫുകളുടെ പ്രവർത്തന നടപടിക്രമം (SOP) പ്രകാരം എം സി എഫിന് അഞ്ച് ഏരിയകളും (ടിപ്പിംഗ് ഏരിയ, സ്റ്റോറേജ് ഏരിയ, സെഗ്രിഗേഷൻ ഏരിയ, മെഷീനറി ഏരിയ, ഫിനിഷ്ഡ് ഗുഡ്സ് ഏരിയ) നാല് മുറികളും (ഓഫീസ് ഏരിയ, ശുചിമുറി, വിശ്രമമുറി,വസ്ത്രം മാറുന്നതിനുള്ള മുറി) ഉണ്ടാവേണ്ടതുണ്ട്. ടിപ്പിംഗ് ഏരിയ, സ്റ്റോറേജ് ഏരിയ, ഓഫീസ് ഏരിയ, ഫിനിഷ്ഡ് ഗുഡ്സ് ഏരിയ, പഞ്ചായത്തിനോട് ചേർന്നുള്ള ശുചിമുറി എന്നിവയുണ്ട്. മറ്റ് സജ്ജീകരണങ്ങൾ ഒന്നും തന്നെയില്ല.

2.മാലിന്യ കൈമാറ്റ കാര്യക്ഷമത

വീടുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ഓരോ മാസവും 10-ാം തീയതിക്കകം മിനി എം.സി.എഫിലേയ്ക്കും 25-ാം തീയതിക്കകം എം.സി.എഫിലേയ്ക്കും എത്തിക്കുന്നുണ്ട്. റിവ്യൂ മീറ്റിംഗിൽ മാലിന്യം വേർതിരിക്കുന്നത് സംബന്ധിച്ചും നിലവിലെ പ്രവർത്തനങ്ങളുടെ പോരായ്മകൾ സംബന്ധിച്ചും ചർച്ച ചെയ്യുകയും പുതിയ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

3. മാലിന്യ സംഭരണ ശേഷി

എം.സി.എഫിന് മാലിന്യ സംഭരണ ശേഷി 1050 സ്ക്വ. ഫീ. വിസ്തൃതിയുണ്ട്.

4. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കിക്കൊണ്ട് മാലിന്യം ഇനം തിരിക്കുന്നതിന് സേനാംഗങ്ങൾക്ക് കൈയുറ, മാസ്ക്, എന്നിവ വിതരണം ചെയ്തിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടില്ല.

5. ശുചിത്വമാനദണ്ഡങ്ങൾ

എം.സി.എഫ് പരിസരം ശുചിയായി തന്നെ സൂക്ഷിച്ചിട്ടുണ്ട്. മാലിന്യങ്ങൾ ചാക്കിൽ കെട്ടി അടുക്കി സൂക്ഷിക്കുന്നുണ്ട്.

6. യഥാസമയം മാലിന്യം കൈയ്യൊഴിയൽ

മാലിന്യം, എം.സി.എഫ് ലേക്ക് കൈമാറുകയും, അവിടെ നിന്ന് യഥാസമയം കൊണാരിസ് അഡ്വാൻസ്ഡ് പോളിമേഴ്സ് -ന് കൈമാറുകയുമാണ് ചെയ്യുന്നത്.

ഓഡിറ്റ് നിർദ്ദേശങ്ങൾ:

നവകേരളം സൃഷ്ടിക്കുന്നതിലെ ഏറ്റവും വലിയ വെല്ലുവിളിയാണ് മാലിന്യ സംസ്കരണം എന്നതിനാൽ തന്നെ ഈ രംഗത്ത് ഹരിതകർമ്മസേനയുടെ പ്രവർത്തനം അതീവ പ്രാധാന്യമുള്ളതാണ്. ഖരമാലിന്യ ശേഖരണം, തരംതിരിക്കൽ, നീക്കം ചെയ്യൽ എന്നിവ ഏകോപിപ്പിക്കുന്നതിന് നിലവിലുള്ള സൗകര്യം വിപുലപ്പെടുത്തേണ്ടതാണ്. വേർതിരിക്കാത്ത മാലിന്യത്തിന് വില കുറച്ച് മാത്രമാണ് ലഭ്യമാകുന്നതെന്നതിനാൽ സെഗ്രഗേഷന് ടേബിൾ അടക്കം കൂടുതൽ സ്ഥലസൗകര്യം ഉറപ്പുവരുത്തുന്നത് വരുമാന വർദ്ധനവിന് ഉപകരിക്കും. വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. ബെയിലിംഗ് യൂണിറ്റ്, ഷ്രെഡ്ഡിംഗ് യൂണിറ്റ് എന്നിവ സ്ഥാപിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. എം.സി.എഫ് പരിപാലനം സംബന്ധിച്ച മാർഗരേഖ അനുസരിച്ചുള്ള എല്ലാ സംവിധാനങ്ങളും എം.സി.എഫിൽ സജ്ജീകരിക്കേണ്ടതാണ്. ഹരിതകർമ്മസേനാംഗങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്ന് സ്വീകരിച്ചുവരുന്ന നടപടികൾ ഒന്നുകൂടി ശക്തിപ്പെടുത്തുന്നതിലൂടെ പൂർണ്ണശുചിത്വമുള്ളതും മാലിന്യരഹിതവുമായ പഞ്ചായത്ത് എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുവാൻ കഴിയുന്നതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്. ഇതോടൊപ്പം തന്നെ പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിനായി പുനരുപയോഗ സാധ്യതയുള്ള തുണി സഞ്ചികൾ തയ്യാറാക്കി ഹരിത കർമ്മസേനാംഗങ്ങൾക്ക് വരുമാന വർദ്ധനവ് ഉണ്ടാക്കാവുന്നതാണ്.

## 1-11 തൊഴിൽ നികുതി അപാകതകൾ

വേങ്ങൂർ പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും ഫയലുകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. 1994 ലെ കേരളപഞ്ചായത്ത്രാജ് നിയമം വകുപ്പ് 205 ഐ പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. തൊഴിൽ നികുതി രജിസ്റ്ററിൽ , നികുതി തുക അടവാക്കിയതിന്റെ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ഉദാ- ബിവറേജ് കോർപ്പറേഷൻ പയ്യാൽ , രണ്ടാം അർദ്ധവർഷം അടവാക്കിയ തൊഴിൽ നികുതിയുടെ രസീത് നമ്പറും തീയതിയും രേഖപ്പെടുത്തിയിട്ടില്ല.

3. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതുപ്രകാരം 2023-24 സാമ്പത്തിക വർഷം താഴെപ്പറയുന്ന

സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

| ക്രമ നം. | തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനത്തിന്റെ /വ്യക്തിയുടെ പേര് വിവരം | അർദ്ധവർഷം |
|---|---|---|
| 1. | തഹസിൽദാർ, കുന്നത്തുനാട് | I & II |
| 2. | കെ.എസ്.ഇ.ബി | II |
| 3. | രാജലക്ഷ്മി ടി.എൻ., ഫാർമസിസ്റ്റ്. സി.എച്ച്.സി., തുങ്ങാലി. | II |
| 4. | മിൽക്ക് പ്രൊഡ്യൂസേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വെട്ട് വളവ്, കൊമ്പനാട്. | I & II |
| 5. | കുടുംബശ്രീ ഓഫീസ് | I & II |
| 6. | എം.എൻ.ആർ.ഇ.ജി.എസ്. | II |
| 7. | ബഡ്സ് സ്കൂൾ | II |

4. സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻവ്യാപാരികൾ, പാലിയേറ്റീവ് കെയർ നഴ്സ്, കരാറുകാർ, ക്ഷീരസംഘം, റ്റോഡി ഷോപ്പുകൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

5. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1)എ(i),(ii) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. താഴെചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ, ലൈസൻസ് ലഭിക്കുന്നതിന് സ്ഥാപനം തന്നെ നൽകിയിട്ടുള്ള വിവരങ്ങൾ പ്രകാരം, രണ്ടോ അതിലധികമോ പേർ തൊഴിലെടുക്കുന്നതായി കാണുന്നു. എന്നാൽ ഇവരിൽ നിന്നും 2023-24 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനം |
|---|---|---|
| 1. | 3906/23-24 | ത്രിസ്റ്റാർ ഏജൻസീസ് |
| 2. | 2719/23-24 | നീതി മെഡിക്കൽ സ്റ്റോർ |
| 3. | 4483/23-24 | മാർവുഡ് അപ്പാരൽസ് |
| 4. | 3837/23-24 | സീയോൻ റബർ ബാൻഡ്, കൊമ്പനാട്. |
| 5. | 2472/23-24 | ടേസ്റ്റി ട്രെഷേഴ്സ്, നെടുങ്ങപ്ര. |
| 6. | 216/23-24 | ജയ്ഹിന്ദ് ഹോസ്പിറ്റൽ & ലബോറട്ടറി, നെടുങ്ങപ്ര പി.ഒ. |
| 7. | 122/23-24 | ഡിക്സൺ ഫർണിച്ചർ |

മേൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകളോടനുബന്ധിച്ച് എൻക്വയറി (7/09.12.2024)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി അപാകതകൾ

സ.ഉ (കൈ) നം.77/2023/LSGD തീ.22.03.2023, പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. വേങ്ങൂർ ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനായി 15.07.2023ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി (തീരുമാനം നം.8) തീരുമാനമെടുത്തിട്ടുണ്ടെങ്കിലും, വസ്തുനികുതി പുതുക്കി നിശ്ചയിച്ച് ഈടാക്കിയതായി കാണുന്നില്ല. പാർപ്പിടാവശ്യം, വാണിജ്യാവശ്യം തുടങ്ങിയ എല്ലാവിധ ഉപയോഗക്രമങ്ങളിലും 2023-24 സാമ്പത്തിക വർഷത്തിൽ വസ്തുനികുതി നിർണ്ണയത്തിന്, അടിസ്ഥാന വസ്തുനികുതി നിരക്കായിട്ടെടുത്തിരിക്കുന്നത് നികുതിപരിഷ്കരണത്തിന് മുൻപുള്ള നിരക്കുകൾ തന്നെയാണ്. ഇപ്രകാരം പഴയ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതിന് ഏതാനും ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് | കെട്ടിട നം. | ഉപയോഗം/പഴയനിരക്ക് | പുതിയ നിരക്ക് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | നിതിൻ നോബി | 1/255സി | പാർപ്പിടം 5/- | 6/- |
| 2. | ഫിലിപ്പ് എൻ.എ | 9/286/എ & 9/286/ബി | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ. മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പ് 60/- | 70/- |
| 3. | സിൽജോ കെ.വർഗീസ് | 8/146 ബി | ഇതരവ്യവസായ ആവശ്യം 50/- | 55/- |

മേൽപറഞ്ഞിരിക്കുന്ന ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി (പാർപ്പിടാവശ്യം & പാർപ്പിടേതരം) പുതുക്കി നിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

2. കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് സർവ്വീസ് ചാർജ്ജ് ചുമത്തേണ്ടതിനായി നം.77/2023/LSGD തീ.22.03.2023, പ്രകാരം നിയമഭേദഗതി വന്നിട്ടുള്ളതിനാൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

3.വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിച്ച് തീർപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ അപ്പീൽസമിതികൾ രൂപീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4. 2023-24 സാമ്പത്തികവർഷത്തെ വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം വസ്തുനികുതി ഇനത്തിൽ താഴെ ചേർക്കുന്ന പ്രകാരം കുടിശിക ഉണ്ട്.

| ഇനം | കുടിശ്ശിക |
|---|---|
| പാർപ്പിടാവശ്യം (തൻവർഷം) | 1,05,215.00 |
| പാർപ്പിടാവശ്യം (അരിയേഴ്സ്) | 18,999.00 |
| പാർപ്പിടേതരം (തൻവർഷം) | 1,89,085.00 |
| പാർപ്പിടേതരം (അരിയേഴ്സ്) | 65,720.00 |
| ആകെ | 3,79,019.00 |

കെട്ടിട നികുതിയിനത്തിലെ തൻവർഷത്തെയും, മുൻ വർഷങ്ങളിലെയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നത് ₹379019/- രൂപയാണ്. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട തനത് വരുമാനം യഥാസമയം പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ സത്വര ഇടപെടൽ ഉണ്ടാകണം.

മേൽപറഞ്ഞിരിക്കുന്ന അപാകതകളോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക് (09/09.12.2024) മറുപടിയായി അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ, വസ്തുനികുതിയുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1) 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി (പാർപ്പിടാവശ്യം & പാർപ്പിടേതരം) പുതുക്കി നിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

2) കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തുന്നതിനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

3) വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് അപ്പീൽസമിതി രൂപീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

4) വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിന് ലഭിക്കേണ്ട തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി കൃത്യമായി പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ആവശ്യമാണ്.

**1-13 ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല-₹204820/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | S0030/24 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹300000/- മെയിന്റനൻസ് ഗ്രാന്റ് (റോഡ് ഇതരം) |
| ചെലവ് വിവരം | ₹300000/- മെയിന്റനൻസ് ഗ്രാന്റ് (റോഡ് ഇതരം)<br>ബിൽ നം - 332/05.01.24 |

സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരുന്ന് വാങ്ങൽ പദ്ധതിയിൽ ₹300000/- രൂപ ഹോംകോയ്ക്ക് (കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോഓപ്പറേറ്റീവ് ഫാർമസി) നൽകിയതിൽ ഇൻവോയിസ് നം LF .3086തിയതി 28.02.24 പ്രകാരം ₹ 95180/-രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായത്. ബാക്കി ₹204820/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാകാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 06/09.12.24) മറുപടി ലഭിച്ചില്ല.

മരുന്ന് ലഭിക്കുവാൻ വൈകുന്നത് ഗ്രാമപഞ്ചായത്തിലെ ഹോമിയോ ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കും എന്നതിനാൽ മരുന്നുകൾ യഥാസമയം ലഭ്യമാക്കുവാൻ നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. മരുന്ന് ലഭ്യമാകുന്ന വിവരങ്ങൾ ഓഡിറ്റിനെ രേഖാമൂലം അറിയിക്കുന്നതിന് വിധേയമായി ₹204820/- ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-14 സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പ്രവർത്തന സജ്ജമാക്കേണ്ടതാണ്

സ.ഉ.(സാധാ) 2307/2021/ത.സ്വ.ഭ.വ./18.11.2021 നമ്പർ ഉത്തരവ് പ്രകാരം സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർവ്വീസ് ചാർജ്ജ് ഇനത്തിൽ ₹1,35,700/- എസ്.എം.എസ്. ചാർജ്ജ് ഇനത്തിൽ ₹7200/- ക്യൂ.ആർ.കോഡിനായി ₹12000/- ലാപ്ടോപ്പിനായി ₹50000/- എന്നിവ ഉൾപ്പെടെ ₹2,04,900/- കെൽട്രോണിന് നൽകുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ താഴെ ചേർക്കും പ്രകാരം പ്രോജക്ട് ഏറ്റെടുത്ത് തുക വിനിയോഗിച്ചിട്ടുണ്ട്.

| | | |
|---|---|---|
| പ്രോജക്ട് നം. | എസ്.186/24. ഹരിത മിത്രം സ്മാർട്ട് ഗാർബേജ് സിസ്റ്റം | |
| അടങ്കൽ | ₹2,05,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) | |
| ചെലവ് വിവരം | ₹2,04,900/- | ₹142900/-ബിൽ നം-414/17.02.24<br>₹55800/-ബിൽ നം-542/24.03.24<br>₹6200/-ബിൽ നം-543/24.03.24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | |

പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച പുരോഗതി അറിയിക്കാൻ താല്പര്യപ്പെട്ട് നൽകിയ 07.12.2024-ലെ 5-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്.

ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല

ഇതിന്റെ സമ്പൂർണ്ണ നിർവ്വഹണ മേൽനോട്ടത്തിന്റെ ചുമതല വി.ഇ.ഒ യ്ക്കാണ്.

മോണിട്ടറിങ്ങ് റിപ്പോർട്ടുകൾ സ്റ്റാന്റിംഗ് കമ്മറ്റിക്ക് ലഭ്യമാക്കിയിട്ടില്ല

സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം പൂർണ്ണമായും പ്രവർത്തന സജ്ജമാകാത്തതിനാൽ ഇത് സംബന്ധിച്ചുള്ള മോണിട്ടറിങ്ങ് റിപ്പോർട്ടുകൾ ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മറ്റിക്ക് നൽകിയിട്ടില്ല.

ക്യൂ ആർ കോഡ് പതിപ്പിച്ച് എൻറോൾമെന്റ് പൂർത്തിയാക്കിയിട്ടില്ല.

ക്യൂആർ കോഡ് പതിപ്പിക്കുന്നതിനായി കുടുംബശ്രീ അംഗങ്ങളെയാണ് ഏൽപ്പിച്ചിരിക്കുന്നത്. അവർക്കുള്ള പരിശീലനവും ഹരിതകർമ്മസേനയ്ക്കുള്ള പരിശീലനവും കെൽട്രോൺ നൽകി.വീടുകളിലും സ്ഥാപനങ്ങളിലും പതിക്കേണ്ട ക്യൂ ആർ കോഡ് നിലവിൽ 86% എൻറോൾമെന്റ് ആണ് പൂർത്തീകരിച്ചിട്ടുള്ളത് സബ്സ്ക്രിപ്ഷൻ 92% ആയിട്ടുണ്ട്
സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സർക്കാർ വിഭാവനം ചെയ്ത രീതിയിൽ പ്രവർത്തന ക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 വിവിധ പ്രോജക്ടുകളുടെ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.₹32,41,102/ - രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2023-24 വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. ഇതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 05/07.12.24) ലഭ്യമാക്കിയ മറുപടിയിൽ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ട ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്തു നല്കിയിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും അറിയിച്ചു. ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ചെലവ് തുക ₹32,41,102/- തടസ്സപ്പെടുത്തുന്നു.

| തുക കൈപ്പറ്റിയ സ്ഥാപനം | പ്രൊജക്ട് | അടങ്കൽ | മുൻകൂർ നൽകിയ തുക | ബിൽ/വൗച്ചർ നമ്പർ/ തീയതി |
|---|---|---|---|---|
| കെ.എസ്.ഇ.ബി, കുറുപ്പംപടി | പാണംകുഴി വാർഡിൽ സ്ട്രീറ്റ് ലൈൻ വാർഡ് 1, 94/24 | ₹2,50,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ₹2,27,957 | ബിൽനം.472/07.03.24 |
| കെ.എസ്.ഇ.ബി | ക്രാരിയേലിയിലെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് -2,95/24 | ₹2,50,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ₹2,22,346/- | ബിൽനം.473/07.03.24 |
| കെ.എസ്.ഇ.ബി | പാണിയേലി വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് -3, 98/24 | ₹2,50,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ₹2,45,727/- | ബിൽനം.471/07.03.24 |
| കെ.എസ്.ഇ.ബി | ഇടത്തുരുത്ത് വാർഡിലെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് -8, 102/24 | ₹2,50,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ₹2,27,544/- | ബിൽനം.485/15.03.24 |
| കെ.എസ്.ഇ.ബി | ത്രിവേണി അമ്പലം ഹരിത നഗർ റോഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് -9, 104/24 | ₹2,50,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ₹1,28,331/- | ബിൽനം.487/15.03.24 |
| കെ.എസ്.ഇ.ബി | പത്താം വാർഡിൽ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ , 107/24 | ₹2,50,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ₹2,49,670/- | ബിൽനം 483/15.03.24 |
| കെ.എസ്.ഇ.ബി | വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് -11, 114/24 | ₹3,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ₹2,06,917/- | ബിൽനം.481/15.03.24 |
| കെ.എസ്.ഇ.ബി | വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് -12, 115/24 | ₹2,50,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ₹1,75,422/- | 157880/- ബിൽനം.544/24.03.24<br>17542/- ബിൽനം.544/24.03.24 |
| കെ.എസ്.ഇ.ബി | ചൂരമുടി കോടമ്പിള്ളിപ്പാറ റോഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് -13, 117/24 | ₹1,50,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ₹1,50,000/- | 59579/- ബിൽനം.484/15.03.24<br>90421/- ബിൽനം.648/27.03.24 |
| കെ.എസ്.ഇ.ബി | വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് -14, 118/24 | ₹2,50,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ₹2,20,086/- | ബിൽനം. 482/15.03.24 |

| | | | | |
|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് -05, 272/24 | ₹45,634/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്), 4000/- (തനത് ഫണ്ട്) | ₹45,600/- (41,634/-ധനകാര്യ കമ്മീഷൻ ഗ്രാന്റ്), 3966/- (തനത് ഫണ്ട്)) | 41,634/- ബിൽനം.327/05.01.24 3966/- വൗച്ചർ നം. 22300809 തീയതി. 17.02.24 |
| കെ.എസ്.ഇ.ബി | മുനിപ്പാറ വാർഡിലെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ , 274/24 | ₹3,40,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ₹2,56,023/- | ബിൽനം.486/15.03.24 |
| കെ.എസ്.ഇ.ബി | വിവിധ പ്രവൃത്തികൾ നടക്കുന്നതിനിടയിൽ തടസ്സമായി നിൽക്കുന്ന വൈദ്യുത തൂണുകൾ മാറ്റൽ തുക അടക്കൽ,287/24 | ₹18097/- (വികസന ഫണ്ട് ജനറൽ) | ₹18097/- | ബിൽനം 192/27.09.23 |
| കെ.എസ്.ഇ.ബി | വെള്ളിമറ്റം ഇലക്ട്രിഫിക്കേഷന് പൂർത്തീകരണം,152/24 | ₹162000/- (വികസന ഫണ്ട് ജനറൽ) | ₹160376/- | ബിൽനം 202/06.10.23 |
| ANERT | കോടമ്പിള്ളി ചിറയ്ക്ക് സോളാർ ലൈറ്റുകൾ സ്ഥാപിക്കൽ 369/24 | ₹150000/- (വികസന ഫണ്ട് ജനറൽ) | ₹149998/- | വൗച്ചർ നം.22301046 തി 30.03.24 |
| ഐ.കെ.എം | ഐ.കെ.എം വിഹിതം നൽകൽ, 32/24 | ₹157008/- (വികസന ഫണ്ട് ജനറൽ) | ₹157008/- | ബിൽ നം.77/06.07.23 |
| ബ്ലോക്ക് പഞ്ചായത്ത് | വേങ്ങൂർ സി.എച്ച്.സി ക്ക് സോളാർ പാനൽ സ്ഥാപിക്കുന്നതിന് സിഇആർ ഫണ്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് കൈമാറി നൽകൽ | മറ്റുള്ളവ ₹400000/- | മറ്റുള്ളവ ₹400000/- | വൗച്ചർ നം.22301031 തീയതി. 29.03.24 |
| | ആകെ | | ₹32,41,102/- | |

**2023-24 സാമ്പത്തിക വർഷം സെക്രട്ടറി നടപ്പാക്കിയ 33 പദ്ധതികൾക്കു ചെലവാക്കിയ 1,33,19,195/-രൂപയിൽ 32,41,102/-രൂപയും ചെലവഴിച്ചത് ഡെപ്പോസിറ്റ് വർക്കുകൾക്ക് വേണ്ടിയാണ്.**

**1-16 <u>വാഴകൃഷിക്ക് കൂലിചിലവ്-ആനുകൂല്യം ലഭ്യമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല</u>**

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 374/24 |
| പ്രൊജക്റ്റിന്റെ പേര് | വാഴകൃഷിക്ക് കൂലി ചെലവ് |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | ₹ 7,80,000/- വികസന ഫണ്ട് ജനറൽ |
| ചെലവ് | ₹ 7,80,000/- |
| തുക- ബിൽ നം/ തിയതി | ₹ 98,520 -395/16.02.24<br>₹ 95,160 -396/16.02.24<br>₹ 81,000 -397/16.02.24<br>₹ 93,480 -398/16.02.24<br>₹ 92,820 -399/16.02.24 |

| | |
|---|---|
| | ₹ 96,600 -400/16.02.24<br>₹ 94,020 -401/16.02.24<br>₹ 64,860 -402/16.02.24<br>₹ 63,540 -403/16.02.24 |

വാഴകൃഷിക്ക് കൂലിച്ചെലവിനത്തിൽ സബ്സിഡി നൽകി കർഷകരെ സഹായിക്കുന്നതിനായാണ് മേൽ പ്രോജക്ട് ആവിഷ്കരിച്ച്നടപ്പാക്കിയിട്ടുള്ളത്. ആനുകൂല്യത്തുക എല്ലാ ഗുണഭോക്താക്കൾക്കും ലഭ്യമായിട്ടുണ്ടോ എന്ന വിവരം പരിശോധിക്കുന്നതിന് ബന്ധപ്പെട്ട ട്രഷറി ബില്ലുകളുടെ സാംഖ്യ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ ചില ബില്ലുകളുടെ റിപ്പോർട്ടിൽ ഗുണഭോക്താവിന്റെ പേര് രേഖപ്പെടുത്താതെയാണ് സ്റ്റാറ്റസ് കാണുന്നത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ തുക ₹ | ബിൽ ID | പേരില്ലാത്ത A/C No. / IFSC | സ്റ്റാറ്റസ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 93480/- | 23120752007201228675 | 12920100034862/ FDRL0001292 | ഡെലിവേഡ് | സ്റ്റാറ്റസ് റിപ്പോർട്ടിൽ 17 ഗുണഭോക്താക്കളിൽ 1എണ്ണത്തിൽ പേര് വന്നിട്ടില്ല, ട്രാൻസ്ഫർ ചെയ്ത തുകകളുടെ വിവരങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ടിൽ കാണാൻ കഴിയുകയില്ല. |
| 2 | 92820 | 23120752007201228688 | 12920100057095/ FDRL0001292 | " | സ്റ്റാറ്റസ് റിപ്പോർട്ടിൽ 18 ഗുണഭോക്താക്കളിൽ 1 എണ്ണത്തിൽ പേര് വന്നിട്ടില്ല, ട്രാൻസ്ഫർ ചെയ്ത തുകകളുടെ വിവരങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ടിൽ കാണാൻ കഴിയുകയില്ല. |

1) ഡെലിവറി സ്റ്റാറ്റസിൽ ഗുണഭോക്താക്കളുടെ പേരുകൾ വരാത്തതിനാൽ ആനുകൂല്യത്തുക ആർക്കാണ് ലഭിച്ചിരിക്കുന്നതെന്ന വിവരം പരിശോധിക്കുവാൻ സാധിക്കുന്നില്ല. ആയതിനാൽ മേൽ അക്കൗണ്ട് നമ്പരുകൾ പ്രകാരം ക്രഡിറ്റ് ആയിരിക്കുന്ന തുകകൾ എത്രയെന്നും അവ ആർക്കാണ് ലഭിച്ചിരിക്കുന്നതെന്നും ആയത് തെളിയിക്കുന്ന രേഖകളും (ബന്ധപ്പെട്ട കർഷകരുടെ ബാങ്ക് പാസ് ബുക്ക് വിവരങ്ങളും) ലഭ്യമാക്കേണ്ടതാണ്.

2) പ്രൊജക്ട് പ്രകാരം ഓരോ ഗുണഭോക്താവിനും അനുവദിച്ച ആകെ തുകയുടെ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ്, ആയത് പ്രകാരമുള്ള "ഡെലിവറി സ്റ്റാറ്റസ്" കോപ്പി എന്നിവ ഓഡിറ്റിനായി ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു. നിർവഹണ ഉദ്യോഗസ്ഥൻ ഇവ താരതമ്യം ചെയ്ത് ഓരോ ഗുണഭോക്താവിനും അനുവദിച്ച ആകെ തുകയും ഓരോരുത്തർക്കും ക്രഡിറ്റ് ആയ തുകയും തുല്യമാണെന്ന് ഉറപ്പുവരുത്തിയിരുന്നോ എന്ന വിവരവും ലഭ്യമാക്കേണ്ടതാണ്.

3) ഡെലിവറി സ്റ്റാറ്റസിലെ മേൽ അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നോ എന്നും ആയത് ബന്ധപ്പെട്ടവരെ അറിയിച്ചിരുന്നോ എന്നുമുള്ള വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/11.12.24) മറുപടി ലഭ്യമാക്കിയില്ല.

നിർവ്വഹണോദ്യോഗസ്ഥൻ എല്ലാ ഗുണഭോക്താക്കൾക്കും തുക ലഭ്യമായി എന്ന് ഉറപ്പുവരുത്താത്തതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചിട്ടില്ല.

ബി-18 ഷെഡ്യൂൾ പ്രകാരം വിവിധ ശീർഷകങ്ങളിലായി മുൻകൂർ നൽകിയ തുകകളിൽ താഴെ ചേർത്തിട്ടുള്ള പ്രകാരം ഇനിയും ക്രമീകരിക്കപ്പെടാതെ തുകകൾ അവശേഷിക്കുന്നുണ്ട്.

| കോഡ് | ഹെഡ് | തുക |
|---|---|---|
| 460100103 | ടെംപററി അഡ്വാൻസ് ഫോർ ഒഫീഷ്യൽ പർപ്പസ് | ₹8600 |
| 460500801 | അഡ്വാൻസ് ടു എം.ജി.എൻ.ആർ.ഇ.ജി.എ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസസ് | ₹2,063,700 |
| 460500201 | അഡ്വാൻസ് ടു ഇംപ്ലിമെന്റിങ്ങ് ഏജൻസീസ്-ഡെപ്പോസിറ്റ് വിത്ത് കെ.ഡബ്ല്യു.എ | ₹901,000 |
| 460500202 | അഡ്വാൻസ് ടു ടു ഇംപ്ലിമെന്റിങ്ങ് ഏജൻസീസ്-ഡെപ്പോസിറ്റ് വിത്ത് കെ.എസ്.ഇ.ബി | ₹6,554,411 |
| 460500205 | അഡ്വാൻസ് ടു ഇംപ്ലിമെന്റിങ്ങ് ഏജൻസീസ്-ഡെപ്പോസിറ്റ് വിത്ത് പി.ഡബ്ല്യു.ഡി | ₹1,114,000 |
| 460500399 | അഡ്വാൻസ് ടു അദർ ഏജൻസീസ് | ₹1,031,074 |
| 460500419 | അഡ്വാൻസ് ടു വന സംരക്ഷണസമിതി | ₹480,000 |
| 460500420 | അഡ്വാൻസ് ടു (Kel) | ₹204,900 |
| 460500499 | അഡ്വാൻസ് ടു അക്രഡിറ്റഡ് ഏജൻസീസ് | ₹12,794 |
| 460500501 | അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് | ₹264,900 |
| 460500901 | അഡ്വാൻസ് ടു അദേഴ്സ് | ₹60784 |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 99 പ്രകാരം പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നൽകുന്ന അഡ്വാൻസുകൾ വിശദമായ ബില്ലുകളും വൌച്ചറുകളും സഹിതം മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. ഇപ്രകാരം ക്രമീകരിച്ചില്ലെങ്കിൽ അനുവദിച്ച മുൻകൂർ തുക 18% പിഴപലിശ സഹിതം ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നത് സംബന്ധിച്ച് വിശദീകരണവും ഇക്കാര്യത്തിൽ പഞ്ചായത്ത് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരങ്ങളും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 / 07.12.2024) മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ വിനിയോഗിക്കാതെ തുടരുന്നു.

ആസ്തി ബാദ്ധ്യത കണക്കിലെ B-4 ഷെഡ്യൂൾ പ്രകാരം മുൻവർഷങ്ങളിൽ ലഭിച്ച പല ഗ്രാന്റുകളും യഥാകാലം വിനിയോഗിക്കാതെ ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. ഗ്രാന്റുകൾ ഏത് വർഷങ്ങളിൽ എന്ത് ആവശ്യങ്ങൾക്കായി ലഭിച്ചതെന്നും വിനിയോഗിക്കാതെ ബാദ്ധ്യതയായി തുടരുന്നതിന്റെ കാരണവും വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/07.12.2024) മറുപടി ലഭ്യമാക്കിയില്ല.

പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി ലഭിച്ചിട്ടുള്ള ഈ ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കുകയോ അല്ലാത്ത പക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് തുക തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| മെമ്പർ ഓഫ് പാർലിമെന്റ് ലോക്കൽ &ഡെവലപ്പ്മെന്റ് സ്കീം 320100130 | 18,21,226 | 0 | 18,21,226 | 0 | 18,21,226 |
| മറ്റ് സ്കീമുകൾ - 320100152 | 15,00,000 | 0 | 15,00,000 | 0 | 15,00,000 |
| (RGPSA) - 320100156 | 24,077 | 0 | 24,077 | 0 | 24,077 |
| സാനിട്ടേഷൻ - 320100181 | 66142 | 0 | 66142 | 0 | 66142 |
| ടോട്ടൽ സാനിട്ടേഷൻ - 320100182 | 866718 | 0 | 866718 | 0 | 866718 |
| നിർമ്മൽ പുരസ്കാരം - 320100191 | 380000 | 0 | 380000 | 0 | 380000 |

| | | | | | |
|---|---|---|---|---|---|
| ലിറ്ററസി സ്കീം – 320100197 | 5610 | 0 | 5610 | 0 | 5610 |
| ഫിഷറീസ് ഫണ്ട് – 320200203 | 1032 | 0 | 1032 | 0 | 1032 |
| (PBIG) – 320300103 | 5,09,863 | 0 | 5,09,863 | 0 | 5,09,863 |
| NABARD – 320400101 | 3000 | 0 | 3000 | 0 | 3000 |
| മറ്റ് ഗ്രാന്റുകൾ – 320800199 | 535146 | 0 | 535146 | 0 | 535146 |
| സംയുക്ത പ്രോജക്ട് (റവന്യൂ ചെലവ്) ബ്ലോക്ക് പഞ്ചായത്ത് (320700204) | 189617 | 0 | 189617 | 0 | 189617 |
| സംയുക്ത പ്രോജക്ട് (റവന്യൂ ചെലവ്) ജില്ലാ പഞ്ചായത്ത് (320700205) | 53356 | 0 | 53356 | 0 | 53356 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ്-ബ്ലോക്ക് പഞ്ചായത്ത് (320700404) | 615000 | 0 | 615000 | 0 | 615000 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ് – ജില്ലാ പഞ്ചായത്ത് (320700405) | 293402 | 0 | 293402 | 0 | 293402 |

## 1-19 ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വേങ്ങൂർ നടപ്പിലാക്കിയ "ലൈഫ് ഭവന നിർമ്മാണം പ്രോജക്ടുകളുടെ ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചതു പ്രകാരം, 2019-20, 2020-21, 2021-22, 2022-23 എന്നീ വർഷങ്ങളിൽ മുൻകൂർ തുക കൈപ്പറ്റിയ, താഴെ ചേർക്കുന്നവരുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വിഭാഗം | ആദ്യ അഡ്വാൻസ്/ കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയ അഡ്വാൻസ് തുക |
|---|---|---|---|---|
| 1. | സ്വാതി കൃഷ്ണ, പീടികക്കുടി(H), തുങ്ങാലി, വേങ്ങൂർ പി.ഒ. | എസ്.സി. | 40,000/- 29.02.2020 | 300000/- |
| 2. | ബിന്ദുമോൾ പി.ജി., മധുമല(H), വക്കുവള്ളി, വേങ്ങൂർ പി.ഒ. | എസ്.സി. | 40000/- 19.08.2020 | 40000/- |
| 3. | അശ്വതി കാവുംകുടി(H), തുരുത്തി | എസ്.സി. | 40000/- 19.08.2020 | 200000/- |
| 4. | ലിവിയ കരുണൻ, തുരുത്തിക്കാട്(H), കുട്ടമ്മശ്ശേരി. | എസ്.സി. | 40,000/- 28.01.2021 | 360000/- |
| 5. | അജിതകുമാരി വാസുദേവൻ, തുരുത്തിക്കാട്(H), കുട്ടമ്മശ്ശേരി. | എസ്.സി. | 40,000/- 28.01.2021 | 360000/- |
| 6 | ബിനു ഭാസ്കരൻ, വടക്കേക്കര(H), വക്കുവള്ളി, വേങ്ങൂർ പി.ഒ. | ഒ.ബി.സി | 40,000/- 17.02.2021 | 360000/- |
| 7. | ബാബു വി.പി., വെളിച്ചപ്പാട് (H), ക്രുവപ്പടി പി.ഒ. | എസ്.സി. | 40,000/- 24.12.2020 | 370000/- |
| 8. | രാധാമണി, പാറയിൽ (H), പുതുമന, കൊമ്പനാട് പി.ഒ. | എസ്.സി. | 40,000/- 04.03.2021 | 130000/- |
| 9. | ജിൻസി ശ്രീകൃഷ്ണൻ, പൊങ്ങിൻ ചുവട്,ഗിരിജൻ കോളനി, ഇടമലയാർ പി.ഒ | എസ്.റ്റി | 90,000/- 12.03.2021 | 556600/- |
| 10 | അനുമോൾ ഗോപി, പൊങ്ങിൻ ചുവട്, ഗിരിജൻ കോളനി, ഇടമലയാർ പി.ഒ. | എസ്.റ്റി | 90,000/- 30.082021 | 530000/- |
| 11 | ശാരദ പ്രസാദ്, പൊങ്ങിൻ ചുവട്, ഗിരിജൻ കോളനി, ഇടമലയാർ പി.ഒ | എസ്.റ്റി | 90,000/- 30.03.2021 | 563835/- |
| 12 | അമ്പിക സത്യൻ, പൊങ്ങിൻ ചുവട്, ഗിരിജൻ കോളനി, | എസ്.റ്റി | 90,000/- 30.03.2021 | 540000/- |

| | | | | |
|---|---|---|---|---|
| | ഇടമലയാർ പി.ഒ | | | |
| 13 | ഭാരതി പരമേശ്വരൻ, പൊങ്ങിൻ ചുവട്, ഗിരിജൻ കോളനി, ഇടമലയാർ പി.ഒ | എസ്.റ്റി | 90,000/- 30.03.2021 | 570000/- |
| 14 | ചെല്ലമ്മ ആർ., പൊങ്ങിൻ ചുവട് , ഗിരിജൻ കോളനി, ഇടമലയാർ പി.ഒ | എസ്.റ്റി | 90,000/- 12.03.2021 | 540000/- |
| 15 | സുമിത്ര ഉണ്ണിക്കൃഷ്ണൻ, പൊങ്ങിൻ ചുവട്, ഗിരിജൻ കോളനി, ഇടമലയാർ പി.ഒ | എസ്.റ്റി | 90,000/- 12.03.2021 | 560000/- |
| 16 | മണികണ്ഠൻ, പൊങ്ങിൻ ചുവട്, ഗിരിജൻ കോളനി, ഇടമലയാർ പി.ഒ. | എസ്.റ്റി | 90,000/- 01.03.2021 | 550000/- |
| 17 | ദിനീഷ് പി.വി., പാറപ്പുറത്തുകുടി, കൊമ്പനാട്. | ഒ.ബി.സി | 40,000/- 12.01.2021 | 360000/- |
| 18. | ഗീത പ്രകാശ്, ചരുവിള പുത്തൻവീട്, ക്രാരിയേലി, കൊമ്പനാട്. | എസ്.സി. | 40,000/- 15.05.2018 | 3,60,000/- |
| 19. | വനജ സുബ്രഹ്മണ്യൻ, ആലമുറ്റത്ത് (H), എടയപ്പുറം, കൊച്ചിൻ ബാങ്ക്, അശോകപുരം. | എസ്.സി. | 40,000/- 09.11.2018 | 40,000/- |
| 20. | ത്രേസ്യ സ്മില ജസ്റ്റിൻ, പുതിയേടത്ത്, വക്കുവള്ളി | മൈനോറിറ്റി | 40000/- 30.07.2021 | 200000/- |
| 21 | സൗമ്യ ജോൺ പൈപ്പിള്ളി, വക്കുവള്ളി | മൈനോറിറ്റി | 40000/- 08.07.2021 | 200000/- |
| 22 | ഉണ്ണി ആർ., മണക്കാട്ടിൽ (H), വക്കുവള്ളി | ഒ.ബി.സി | 40000/- 30.07.2021 | 360000/- |
| 23 | നിഷ ഷാജി, നീരേലിപ്പാടം പാണംകുഴി | എസ്.സി. | 40000/- 08.03.2022 | 40000/- |
| 24 | വത്സ കൃഷ്ണൻകുട്ടി, കൈതേലിപ്പറമ്പിൽ, പാണംകുഴി. | എസ്.സി. | 40000/- 18.02.2022 | 300000/- |
| 25 | ചെല്ലമ്മ, മേച്ചേരിയിൽ (H), ചൂരത്തോട് | എസ്.സി. | 40000/- 31.03.2022 | 300000/- |
| 26 | സജി പൗലോസ്, പുത്തൻകുടി, വേങ്ങൂർ | മൈനോറിറ്റി | 40000/- 31.03.2022 | 200000/- |
| 27 | സുമില രാജേഷ്, തച്ചമ്മാറയിൽ ഹൗസ്, കീഴ്മാട്. | എസ്.സി. | 40000/- 16.08.2022 | 300000/- |
| 28 | മധു പി.എ., പതിപറമ്പിൽ, പെരുമ്പാവൂർ | എസ്.സി. | 40000/- 25.11.2022 | 40000/- |

മേൽ സൂചിപ്പിച്ചിരിക്കുന്ന അപാകതയോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം. 10/10.12.2024) മറുപടിയായി, ഈ ഗുണഭോക്താക്കൾ വേങ്ങൂർ പഞ്ചായത്ത് പരിധിയിൽ താമസമല്ലാത്തവരായതിനാൽ, ഇവരെ കോൺടാക്റ്റ് ചെയ്യുവാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്നും വീടുപണിയിൽ യാതോരുവിധ പുരോഗതിയും ഇല്ലാത്തവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ കൈക്കൊള്ളാൻ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി.

മേൽ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന 1, 2, 3, 8, 20, 21, 23, 28 എന്നീ ക്രമ നമ്പറുകൾ ആയിട്ടുള്ള ഗുണഭോക്താക്കൾ വീടു പണി പൂർത്തീകരിക്കാത്തതായി 2022-23 സാമ്പത്തിക വർഷത്തെ റിപ്പോർട്ടിലും പരാമർശിച്ചിട്ടുള്ളതാണ്.

മേൽ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന എല്ലാ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തിയാക്കിയതിന്റെ

മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. പദ്ധതി മാർഗ്ഗ രേഖയിൽ നിഷ്കർഷിക്കുന്ന രേഖകൾ പ്രോജക്ട് ഫയലിൽ സൂക്ഷിക്കേണ്ടതും, പദ്ധതി ഫലപ്രാപ്തിയിലെത്തും വരെ നിർവ്വഹണോദ്യോഗസ്ഥന്റെയും, മോണിറ്ററിംഗ് സമിതിയുടെയും മേൽ നോട്ടം ഉണ്ടാകേണ്ടതുമാണ്. മേൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾ പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 ഗുണഭോക്താക്കളുടെ മരണശേഷവും തുക നൽകി

ഗ്രാമ പഞ്ചായത്തിലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സേവന സോഫ്റ്റ് വെയർ മുഖേന പെൻഷൻ വിതരണം പരിശോധിച്ചതിൽ, താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ മരണശേഷവും ബാങ്ക്/ പോസ്റ്റോഫീസ് മുഖേന (ഡയറക്ട് ടു ഹോം) തുക കൈപ്പറ്റി. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/ ആധാർ നം. | മരണപ്പെട്ട തീയതി/ പെൻഷൻ ഇനം/ | ബാങ്ക്/ പോസ്റ്റോഫീസ് റിമാർക്സ് പ്രകാരം (ഡയറക്ട് ടു ഹോം) കൈപ്പറ്റിയ തുക(₹) | റിമാർക്സ് |
|---|---|---|---|---|
| 1. | പൗലോസ് പി.എം.<br>278097502548 | 12/02/2023<br>വാർദ്ധക്യകാല പെൻഷൻ | 1600x2<br>(2023 മാർച്ച് &ഏപ്രിൽ ) | ഗുണഭോക്താവിന്റെ മരണ ശേഷവും തുക കൈപ്പറ്റി. (2023 മെയ് & ജൂൺ തുക കൈമാറിയിട്ടില്ല.) |
| 2. | ഏലിയാമ്മ എബ്രഹാം<br>942762490850 | 31/12/2022<br>വിധവ പെൻഷൻ | 1600x4<br>(2023 ജനുവരി മുതൽ 2023 ഏപ്രിൽ വരെ ) | ഗുണഭോക്താവിന്റെ മരണ ശേഷവും തുക കൈപ്പറ്റി. (2023 മെയ് & ജൂൺ തുക കൈമാറിയിട്ടില്ല.) |
| 3. | കുട്ടി ചെല്ലപ്പൻ<br>381372052351 | 23/01/2023<br>വിധവ പെൻഷൻ | 1600x3<br>(2023 ഫെബ്രുവരി മുതൽ ഏപ്രിൽ വരെ ) | ഗുണഭോക്താവിന്റെ മരണ ശേഷവും തുക കൈപ്പറ്റി. (2023 മെയ് & ജൂൺ തുക കൈമാറിയിട്ടില്ല.) |
| 4. | ഗോപിനാഥൻ സി.ജി.<br>527069298410 | 18/08/2018<br>വാർദ്ധക്യകാല പെൻഷൻ | 1) 2018 സെപ്റ്റംബർ മുതൽ നവംബർ വരെ<br>ആകെ=₹4400/-.<br>2) ഡിസംബർ മുതൽ 2019 ഏപ്രിൽ വരെ<br>ആകെ=₹5600/-<br>3) മെയ് മുതൽ ജൂലൈ വരെ<br>ആകെ=₹3600/-<br>4)ഓഗസ്റ്റ് & സെപ്റ്റംബർ<br>ആകെ=₹2400/-<br>5)ഒക്ടോബർ & നവംബർ<br>ആകെ=₹2400/-<br>6) 2019 ഡിസംബർ മുതൽ 2020 ഏപ്രിൽ വരെ<br>ആകെ=₹6100/-<br>7)മെയ് & ജൂൺ<br>ആകെ=₹2600/-<br>8)ജൂലൈ & ഓഗസ്റ്റ്<br>ആകെ=₹2600/-<br>9) സെപ്റ്റംബർ മുതൽ ഡിസംബർ വരെ.<br>1400x 4 (പ്രതിമാസം ₹1400/- വീതം )<br>10) 2021 ജനുവരി മുതൽ മാർച്ച് വരെ.<br>1500x3 (പ്രതിമാസം ₹1500/- വീതം ) | ഗുണഭോക്താവിന്റെ മരണ ശേഷവും തുക കൈപ്പറ്റി. (2023 മെയ് & ജൂൺ തുക ഗുണഭോക്താവിന് കൈമാറിയിട്ടില്ല.) |

| | | | | |
|---|---|---|---|---|
| | | | 11)2021 ഏപ്രിൽ മുതൽ 2023 ഏപ്രിൽ വരെ. 1600x25 (പ്രതിമാസം ₹1600/- വീതം) | |
| 5. | വർഗീസ് ഇട്ടീര 226015772506 | 16/02/2023 കർഷക തൊഴിലാളി പെൻഷൻ | 1600x2 (2023 മാർച്ച് &ഏപ്രിൽ ) | ഗുണഭോക്താവിന്റെ മരണ ശേഷവും തുക കൈപ്പറ്റി. (2023 മെയ് & ജൂൺ തുക ഗുണഭോക്താവിന് കൈമാറിയിട്ടില്ല.) |

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.12/12.12.24), ഡിസംബർ 2022 മാസം ഡയറക്ട് ടു ഹോം പെൻഷൻ തുക കൈമാറാൻ സാധിച്ചിട്ടില്ലായെന്നും മുടക്കുഴ ഗ്രാമപഞ്ചായത്തിനും തൊടുപുഴ നഗരസഭക്കും മരണപ്പെട്ട ഗുണഭോക്താക്കളെക്കുറിച്ചുള്ള അറിയിപ്പ് ഈമെയിൽ മുഖേന നൽകിയെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ സേവന സോഫ്റ്റ് വെയർ മുഖേന പെൻഷൻ വിതരണം പരിശോധിച്ചതിൽ, മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ മരണശേഷവും ബാങ്ക്/ പോസ്റ്റോഫീസ് മുഖേന (ഡയറക്ട് ടു ഹോം) തുക കൈപ്പറ്റിയിട്ടുണ്ട്. കൂടാതെ മുടക്കുഴ ഗ്രാമപഞ്ചായത്തിനും (ഏലിയാമ്മ എബ്രഹാം) തൊടുപുഴ നഗരസഭക്കും (ഗോപിനാഥൻ സി.ജി.) മരണപ്പെട്ട ഗുണഭോക്താക്കളെക്കുറിച്ചുള്ള അറിയിപ്പ്, ഇ-മെയിൽ മുഖേന നൽകിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുമില്ല. അതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ പെൻഷൻ വിതരണം നടത്തുന്ന എല്ലാ അക്കൗണ്ടുകളും ഓഡിറ്റിൽ പരിശോധിക്കുക എന്നത് പ്രായോഗികമല്ലാത്തതിനാൽ മേൽ ഉദാഹരണത്തിൽ സംഭവിച്ചിരിക്കുന്ന അപാകത മറ്റ് അക്കൗണ്ടുകളിലും സംഭവിച്ചിട്ടില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. കൂടാതെ ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ കൃത്യമായി ഗുണഭോക്താവിനു ലഭ്യമാകുന്നുണ്ടോ എന്നും മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെൻറ് ചെയ്യപ്പെടുന്നുണ്ടോ എന്നതും ഉറപ്പാക്കേണ്ടതാണ്.

മരണവിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും വാർഡ് മെമ്പർമാരുടെ സഹകരണം അത്യാവശ്യമായതിനാൽ ഈ വിഷയത്തിലേക്ക് ക്ഷേമകാര്യ, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുകകൾ തിരികെ ഈടാക്കാൻ വേണ്ട തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. സർക്കുലർ നം.63/2021/ധന തീയതി 02.08.2021 പ്രകാരം പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി, മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്തമാസം 10-ാം തീയതിക്ക് മുൻപ് അറിയിക്കേണ്ടതും ആയത് പരിശോധിച്ച് മരണപ്പെട്ട /അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതുമാണ്. അതിനാൽ മരണപ്പെട്ടവരിൽ, മറ്റ് പ്രാദേശിക സർക്കാരിൽ ഉൾപ്പെട്ടവരുണ്ടെങ്കിൽ അവരുടെ വിവരങ്ങൾ ആ വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിലേക്ക് അറിയിക്കാതെയുണ്ടോയെന്ന് പരിശോധിച്ച്, സർക്കുലർ നം.63/2021/ധന തീയതി 02.08.2021 അനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിച്ച് എത്രയും പെട്ടെന്ന് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-21 മെഡിക്കൽ ഓഫീസർ സി.എച്ച്.സി. നടപ്പിലാക്കിയ പ്രോജക്ടുകൾ - ചെലവ് രേഖകൾ ഹാജരാക്കിയില്ല-₹659728/-തടസ്സപ്പെടുത്തുന്നു.**

മെഡിക്കൽ ഓഫീസർ പി.എച്ച്.സി./സി.എച്ച്.സി. നടപ്പിലാക്കിയ താഴെചേർക്കുന്ന പ്രോജക്ടുകളുടെ ചെലവ് രേഖകൾ പരിശോധനക്കായി ഹാജരാക്കിയില്ല.

**1.പാലിയേറ്റീവ് കെയർ**

| | |
|---|---|
| പ്രോജക്റ്റ് നം. | 131/24 |
| പ്രോജക്റ്റിന്റെ പേര് | പാലിയേറ്റീവ് കെയർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. |
| അടങ്കൽ | ₹900,000/-(വികസന ഫണ്ട്) |
| ചെലവ് | ₹769818/- |

മെഡിക്കൽ ഓഫീസർ സി.എച്ച്.സി. നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പ്രോജക്റ്റിന്റെ ₹1,78,873/-യുടെ ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നതുവരെ ₹1,78,873/- തടസ്സപ്പെടുത്തുന്നു.

2. പൊങ്ങിൻ ചുവട് കോളനി മെഡിക്കൽ ക്യാമ്പ്

| | |
|---|---|
| പ്രോജക്റ്റ് നം. | 132/24 |
| പ്രോജക്റ്റിന്റെ പേര് | പൊങ്ങിൻ ചുവട് കോളനി മെഡിക്കൽ ക്യാമ്പ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. |
| അടങ്കൽ | ₹80,000/-(ടി.എസ്.പി.) |
| ചെലവ് | ₹80,000/- |

മെഡിക്കൽ ഓഫീസർ സി.എച്ച്.സി. നടപ്പിലാക്കിയ പൊങ്ങിൻ ചുവട് കോളനി മെഡിക്കൽ ക്യാമ്പ് പ്രോജക്റ്റിന്റെ ₹27800/-യുടെ ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നതുവരെ ₹27800/- തടസ്സപ്പെടുത്തുന്നു.

3. സബ്സെന്ററുകളിലെ വിവിധ കണ്ടിജൻസി ചെലവുകൾ

| | |
|---|---|
| പ്രോജക്റ്റ് നം. | 134/24 |
| പ്രോജക്റ്റിന്റെ പേര് | സബ്സെന്ററുകളിലെ വിവിധ കണ്ടിജൻസി ചെലവുകൾ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. |
| അടങ്കൽ | ₹25,000/-<br>മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ₹9116/- |

മെഡിക്കൽ ഓഫീസർ സി.എച്ച്.സി. നടപ്പിലാക്കിയ സബ്സെന്ററുകളിലെ വിവിധ കണ്ടിജൻസി ചെലവുകൾ പ്രോജക്റ്റിന്റെ ₹1411/-യുടെ ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നതുവരെ ₹1411/- തടസ്സപ്പെടുത്തുന്നു.

4. സബ്സെന്ററുകളിലെ വിവിധ കണ്ടിജൻസി ചെലവുകൾ

| | |
|---|---|
| പ്രോജക്റ്റ് നം. | എസ്ഒ 327/24 |
| പ്രോജക്റ്റിന്റെ പേര് | ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനെസ്സ് പ്രവർത്തനങ്ങൾ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. |
| അടങ്കൽ | ₹250922/- |
| ചെലവ് | ₹237587/- |

മെഡിക്കൽ ഓഫീസർ സി.എച്ച്.സി. നടപ്പിലാക്കിയ ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് വെൽനെസ്സ് പ്രവർത്തനങ്ങൾ പ്രോജക്റ്റിന്റെ ₹2,26,849/-യുടെ ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നതുവരെ ₹2,26,849/- തടസ്സപ്പെടുത്തുന്നു.

5. ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

| | |
|---|---|
| പ്രോജക്റ്റ് നം. | SO328/24 |
| പ്രോജക്റ്റിന്റെ പേര് | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. |
| അടങ്കൽ | ₹403036/- |
| ചെലവ് | ₹224795/- |

മെഡിക്കൽ ഓഫീസർ സി.എച്ച്.സി. നടപ്പിലാക്കിയ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്ന പ്രോജക്റ്റിന്റെ ഫയലും, ചെലവ് രേഖകളും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. പ്രോജക്റ്റിന്റെ ഫയലും, ചെലവ് രേഖകളും പരിശോധനയ്ക്കായി ഹാജരാക്കുന്നതുവരെ ₹224795/- തടസ്സപ്പെടുത്തുന്നു.

## 1-22 മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കാതെ ഫണ്ട് ലാപ്സാക്കുന്നു

തൻ വർഷം 155 മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾക്കായി 7.11 കോടി രൂപ വകയിരുത്തിയെങ്കിലും ആകെ 78 പ്രോജക്ടുകളാണ് പൂർത്തിയാക്കിയത്. 78 പ്രോജക്ടുകളിലായി 3.02 കോടി രൂപയുടെ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. ആകെ അടങ്കൽ തുകയുടെ 42.57% മാത്രമാണ് ചെലവഴിച്ചത്. തൻ വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

(എ)ഫണ്ട് തിരിച്ചുള്ള വിശദാംശങ്ങൾ

| ഫണ്ട് - ഇനം | അടങ്കൽ തുക (₹) | ചെലവഴിച്ച തുക(₹) | ലാപ്സായ/ നീക്കിയിരിപ്പ് തുക (₹) | അംഗീകാരം ലഭിച്ച പദ്ധതികൾ (എണ്ണം) | നടപ്പിലാക്കിയ പദ്ധതികൾ (എണ്ണം) |
|---|---|---|---|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 98,23,674 | 54,15,705 | 6710668 | 32 | 18 |
| വികസന ഫണ്ട് - എസ്.സി.പി | 51,747 | 0 | 627947 | 13 | 0 |
| വികസന ഫണ്ട് - ടി.എസ്.പി | 0 | 0 | 441568 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,88,58,313 | 68,48,979 | 82,79,672 | 44 | 19 |
| മെയിന്റനൻസ് - റോഡ് | 3,52,61,965 | 1,69,40,550 | 3489450 | 64 | 35 |
| മെയിന്റനൻസ് - നോൺ റോഡ് | 30,21,456 | 8,30,224 | 353590 | 13 | 6 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 16,00,000 | 0 | - | 4 | 0 |
| തനത് ഫണ്ട് | 19,84,626 | 2,32,192 | - | 11 | 6 |
| ബ്ലോക്ക് പഞ്ചായത്ത് | 5,00,000 | 0 | - | 1 | 0 |
| ആകെ | 7,11,01,781 | 3,02,67,650 | - | 155 | 78 |

വികസന ഫണ്ട് 77,80,183/- രൂപയും മെയിന്റനൻസ് ഗ്രാന്റ് റോഡ് 34,89,450/- രൂപയും മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് 3,53,590/- രൂപയും തൻവർഷം ചെലവഴിക്കാതെ ലാപ്സായിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ നിരവധി റോഡുകൾ അറ്റകുറ്റപ്പണി നടത്താനുണ്ടായിരിക്കെ മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ തുക പാഴാക്കുകയാണുണ്ടായത്.

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട ഗ്രാന്റ് നഷ്ടപ്പെടുത്തുന്നത് അഭിലഷണീയമല്ല. ഗ്രാമസഭയിൽ നിന്നുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി വർക്കിംഗ് ഗ്രൂപ്പുകൾ, ആസൂത്രണ സമിതി എന്നിവയുടെ കൂടിയാലോചനയുടെ ഭാഗമായി പദ്ധതികൾ രൂപീകരിക്കുന്നതിനും അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കാനും ശ്രദ്ധിക്കേണ്ടതാണ്. പ്രോജക്ടുകൾ യഥാസമയം നടപ്പാക്കുന്നതിന് ഭരണസമിതി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

(ബി) പൂർത്തീകരണ ശതമാനത്തിന്റെ വിശദാംശങ്ങൾ

| വിഭാവനംചെയ്ത /നടപ്പിലാക്കിയ പ്രൊജക്ടുകൾ | പ്രവൃത്തികളുടെ എണ്ണവും ചെലവ് തുകയും | |
|---|---|---|
| | എണ്ണം | അടങ്കൽ /ചെലവ് തുക(രൂപയിൽ) |

| | | |
|---|---|---|
| ആകെ വിഭാവനം ചെയ്ത പ്രവൃത്തികൾ | 155 | 7,11,01,781(അടങ്കൽ) |
| നടപ്പിലാക്കിയ പ്രൊജക്ടുകൾ | 78 | 3,02,67,650(ചെലവ്) |
| വിഭാവനം ചെയ്തതിലെ തൻവർഷ പ്രൊജക്ടുകൾ | 98 | 4,10,71,079(അടങ്കൽ) |
| നടപ്പിലാക്കിയവയിലെ തൻവർഷ പ്രൊജക്ടുകൾ | 30 | 81,53,446(ചെലവ്) |
| വിഭാവനം ചെയ്തതവയിലെ സ്പിൽ ഓവർ പ്രൊജക്ടുകൾ | 57 | 3,00,30,702(അടങ്കൽ) |
| നടപ്പിലാക്കിയവയിലെ സ്പിൽ ഓവർ പ്രൊജക്ടുകൾ | 48 | 2,21,99,317(ചെലവ്) |

മുകളിൽ കാണിച്ചിരിക്കുന്ന പട്ടികയിൽ നിന്നും ചുവടെ ചേർക്കുന്ന കാര്യങ്ങൾ വ്യക്തമാകുന്നു.

1) ആകെ അംഗീകാരം ലഭിച്ച പ്രവൃത്തികളുടെ 50 ശതമാനം എണ്ണം മാത്രമാണ് നടപ്പിലാക്കിയ പ്രൊജക്ടുകൾ.

2) തൻവർഷം നടപ്പിലാക്കിയിരിക്കുന്ന പ്രവൃത്തികളിൽ 61.54 ശതമാനവും സ്പിൽ ഓവർ പ്രവർത്തികളാണ്. ആകെ ചെലവഴിച്ച തുകയിൽ 73.34 ശതമാനം തുകയും സ്പിൽ ഓവർ പ്രവൃത്തികൾക്ക് വേണ്ടിയാണ്.

3) നടപ്പിലാക്കിയിരിക്കുന്ന പ്രവൃത്തികളിൽ തൻവർഷ പ്രൊജക്ടുകൾ 38.46 ശതമാനം മാത്രവും ഇവക്കായി ചെലവഴിച്ചിരിക്കുന്നത് ആകെ ചെലവ് തുകയുടെ 26.94 ശതമാനവും മാത്രമാണ്.

പദ്ധതികൾ അതാത് വർഷം തന്നെ പൂർത്തിയാക്കേണ്ടതാണ്. മരാമത്ത് പ്രവർത്തികൾ ഭൂരിപക്ഷവും സ്പിൽ ഓവറായി വരുന്നത് തൻവർഷത്തെ പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കുമെന്നതിനാൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 മരാമത്ത് പ്രവൃത്തികളിൽ സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിൽ വീഴ്ച

സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മുൻകരുതൽ സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സ.ഉ.(കൈ)84/2022/ ത.സ്വ.ഭ.വ തീ. 19-04-2022 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11(1) മുതൽ (6) വരെയുള്ള ഉപഖണ്ഡിക അനുസരിച്ച് മാർച്ച് 31 ന് നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ പരിശോധിച്ച് ഏതൊക്കെ പ്രോജക്ടുകൾ തുടർന്ന് നടപ്പിലാക്കേണ്ടതുണ്ടെന്ന് ആദ്യം തീരുമാനിക്കണം. തുടർന്ന് നിർവ്വഹണ നടപടികൾ ആരംഭിക്കാത്ത പ്രോജക്ടുകളിൽ, നടപ്പിലാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കുകയും, ഭാഗികമായി പൂർത്തീകരിച്ച പ്രോജക്ടുകളുടെ നിർവ്വഹണം പാഴ്ചെലവ് വരാത്ത രീതിയിൽ അവസാനിപ്പിക്കുകയും ചെയ്യാം. പിന്നീട് നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കാണുന്ന പ്രോജക്ടുകളാണ് സ്പിൽ ഓവറായി ഉൾപ്പെടുത്തേണ്ടത്. ഇങ്ങനെ വിവിധ ഘട്ടങ്ങളിലെ ഒഴിവാക്കലുകൾക്ക് ശേഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയ ചുവടെ ചേർക്കുന്ന പൊതു മരാമത്ത് പ്രവൃത്തികളിൽ തൻവർഷം യാതൊരു തുകയും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് | ഫണ്ടിനം | വകയിരുത്തിയ തുക |
|---|---|---|---|---|
| 1 | 258/24 | അരുവപ്പാറ പാടശേഖരം തോട് സൈഡ് കെട്ടൽ | ധനകാര്യ കമ്മീഷൻ അവാർഡ് | 153809 |
| 2 | 229/24 | എം.സി.എഫ്.നിർമ്മാണം | ധനകാര്യ കമ്മീഷൻ അവാർഡ് | 1943100 |
| 3 | 235/24 | കൊമ്പനാട് പാടശേഖരം തോട് സൈഡ് കെട്ടൽ | ധനകാര്യ കമ്മീഷൻ അവാർഡ് | 541500 |
| 4 | 251/24 | കണിയാരട്ടപീടിക കുടിവെള്ള പദ്ധതി പൂർത്തീകരണം വാർഡ്-10 | ധനകാര്യ കമ്മീഷൻ അവാർഡ് | 1428812 |
| 5 | 233/24 | മേക്കപ്പാല ചൂരത്തോട് ബാലൻസ് പോർഷൻ റീടാറിംങ് ഐറിഷ് ഡ്രയിൻ | മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 300000 |
| 6 | 227/24 | വടയമ്പാറ കുടിവെള്ള പദ്ധതി | ധനകാര്യ കമ്മീഷൻ അവാർഡ് | 456695 |
| 7 | 237/24 | വേങ്ങൂർ ടൗൺ ഡ്രൈനേജ് നിർമ്മാണം പൂർത്തീകരിക്കൽ, | ധനകാര്യ കമ്മീഷൻ അവാർഡ് | 196999 |

| | | | | |
|---|---|---|---|---|
| | | സ്ളാബ് ഇടൽ | | |
| 8 | 206/24 | അങ്കണവാടി നമ്പർ 85,163,94 ശിശു സൗഹൃദ ടോയ്ലറ്റ് | ധനകാര്യ കമ്മീഷൻ അവാർഡ് | 286177 |
| 9 | 236/24 | പാണംകുഴി കുടിവെള്ള പദ്ധതി പൂർത്തീകരണം | ധനകാര്യ കമ്മീഷൻ അവാർഡ് | 131703 |

തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 82,79,672 രൂപ നീക്കിയിരിപ്പും മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിൽ 34,89,450 രൂപ ചെലവഴിക്കാതെ ലാപ്സാകുകയും ചെയ്തിരിക്കെ സ്പിൽ ഓവറായി ഉൾപ്പെടുത്തിയ മേൽ പ്രോജക്റ്റുകൾ തൻവർഷവും യാതൊരു തുകയും ചെലവഴിക്കാത്തത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-24 മരാമത്ത് പ്രവൃത്തികളിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ വാർഡുകളിലെ കുടിവെള്ള പദ്ധതികൾ നടപ്പാക്കിയിട്ടില്ല.**

1)മുൻവർഷങ്ങളിൽ നടപ്പാക്കാത്ത ചുവടെ ചേർക്കുന്ന കുടിവെള്ള പദ്ധതികൾ തൻവർഷം സ്പിൽ ഓവർ പ്രോജക്റ്റുകളായി അംഗീകാരം വാങ്ങിയെങ്കിലും നടപ്പാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ, പേര് |
|---|---|
| 1 | 251/24-കണിയാട്ടേപീടിക കുടിവെള്ള പദ്ധതി |
| 2 | 236/24-പാണംകുഴി കുടിവെള്ള പദ്ധതി |
| 3 | 227/24-വടയമ്പാറ കുടിവെള്ള പദ്ധതി |

2)തൻവർഷം അംഗീകാരം ലഭിച്ച പുതിയ പ്രോജക്റ്റുകളിൽ ചുവടെ ചേർക്കുന്ന കുടിവെള്ള പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ, പേര് |
|---|---|
| 1 | 171/24-കൈപ്പിള്ളി കുടിവെള്ള പദ്ധതി |
| 2 | 140/24-പാണിയേലി മിച്ചഭൂമി കുടിവെള്ള പദ്ധതി |
| 3 | 74/24-ക്രാരിയേലി കുടിവെള്ള പദ്ധതി |
| 4 | 85/24-വടയമ്പാറ കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
| 5 | 86/24-ഇളമ്പിച്ചാൽ കുടിവെള്ള പദ്ധതി |
| 6 | 376/24-മുക്കനാട്ട്പാറ കുടിവെള്ള പദ്ധതി |
| 7 | 354/24-പുലിയണിപ്പാറ മിനി കുടിവെള്ള പദ്ധതി |

കുടിവെള്ള ക്ഷാമം രൂക്ഷമായ വാർഡുകളിൽ ജലവിതരണം നടത്തുന്നതിന് ലക്ഷ്യമിട്ട മേൽ പ്രോജക്റ്റുകൾ നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/13-12-24) മറുപടി ലഭ്യമാക്കിയില്ല.

3)തൻവർഷം വാർഡ് -14 ലെ മുതുകാടൻ പാറ മിനി കുടിവെള്ള പദ്ധതി നടപ്പിലാക്കിയെങ്കിലും ഇലക്ട്രിഫിക്കേഷൻ, മോട്ടോർ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ചെയ്ത് ജലവിതരണം ആരംഭിച്ചിട്ടില്ല.

കുടിവെള്ള ക്ഷാമം രൂക്ഷമായ വാർഡുകളിൽ ജലവിതരണം നടത്തുന്നതിന് ലക്ഷ്യമിട്ട മേൽ പ്രോജക്റ്റുകൾ പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് ജലവിതരണം ഉറപ്പാക്കി വിവരം അറിയിക്കേണ്ടതാണ്. ആയതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-25 എസ്റ്റിമേറ്റ് പ്രകാരമുള്ള കോൺക്രീറ്റ് പ്രവൃത്തി പൂർണമായും ചെയ്യാതിരിക്കെ എസ്റ്റിമേറ്റ് അളവിൽ അധികരിച്ച് കമ്പി ഉപയോഗിച്ചിരിക്കുന്നു.**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S 205/24 |
| പ്രവൃത്തി | മുതുകാടൻ പാറ മിനി കുടിവെള്ള പദ്ധതി |
| കരാറുകാരൻ | ശ്രീ. സാജു റ്റി.റ്റി |

| | |
|---|---|
| എസ്റ്റിമേറ്റ് | 6,00,000/- |
| ചെലവ് | 5,85,911/-<br>ധനകാര്യകമ്മീഷൻ അവാർഡ് |
| ബിൽ നമ്പർ, തീയതി | 254/28.11.23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |

ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശത്ത് കുടിവെള്ള വിതരണത്തിനായി കോൺക്രീറ്റ് വാട്ടർ ടാങ്ക് നിർമ്മിക്കുകയും പൈപ്പ് ഇടുകയും ചെയ്യുന്നതാണ് പ്രവൃത്തി. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് 2, 3, 4 ഇനങ്ങളിലായി ആകെ 17.807 ക്യൂബിക് മീറ്റർ കോൺക്രീറ്റ് ചെയ്യുന്നതിന് ഇനം 9 പ്രകാരം 1455.410 കി.ഗ്രാം. കമ്പിയാണ് കണക്കാക്കിയിരുന്നത്. എന്നാൽ എം. ബുക്ക് പ്രകാരം 2, 3, 4 ഇനങ്ങളിലായി ആകെ 16.118 ക്യൂബിക് മീറ്റർ കോൺക്രീറ്റ് മാത്രം ചെയ്തതിന് ഇനം 9 പ്രകാരം 2245.614 കി.ഗ്രാം. കമ്പി ഉപയോഗിച്ചിരിക്കുന്നു. എസ്റ്റിമേറ്റ് പ്രകാരമുള്ള കോൺക്രീറ്റ് പ്രവൃത്തി പൂർണമായും ചെയ്യാതിരിക്കെ എസ്റ്റിമേറ്റ് അളവിൽ അധികരിച്ച് കമ്പി ഉപയോഗിച്ചിരിക്കുന്നു. ആയതിനാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള കമ്പിയുടെ അളവിനേക്കാൾ വളരെയധികം കമ്പി ഉപയോഗിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

<u>എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ്</u>

| പ്രവൃത്തി | കോൺക്രീറ്റിന്റെ അളവ് ( M3) | കമ്പിയടെ ആളവ് കണക്കാക്കിയത് (5.22.6 ഇനം-9) | ആകെ അളവ് (Kg) | കമ്പിയുടെ വില (₹) (98.30/KG) |
|---|---|---|---|---|
| കോളം ഫൂട്ടിംഗ് (5.1.2- ഇനം 2) | 5.063 | 5.063 M3 X 50kg/M3 | 253.150 | |
| സ്റ്റൂട്ട്, പ്ലിന്ത് ബീം, ടൈ ബീം, കോളം (5.2.2 ഇനം 3) | 3.6 | 3.6 M3 X 90 Kg/M3 | 326.160 | |
| വാൾ, സ്ലാബ്, റൂഫ്, ബീം (5.3 ഇനം 4) | 9.144 | 9.144 M3 X 100 Kg/M3 | 876.100 | |
| ആകെ | 17.807 | | 1455.410 | 1455.410 X 98.30 =143066.80 |

<u>ഇ-എം ബുക്ക് പ്രകാരമുള്ള അളവ്</u>

| പ്രവൃത്തി | കോൺക്രീറ്റിന്റെ അളവ് (M3) | കമ്പിയുടെ ആളവ് -Kg (5.22.6 ഇനം-9) | കമ്പിക്ക് നൽകിയ തുക (₹) |
|---|---|---|---|
| കോളം ഫൂട്ടിംഗ് (5.1.2-ഇനം 2) | 3.724 | 2245.614 | 1,94,661 |
| സ്റ്റൂട്ട്, പ്ലിന്ത് ബീം, ടൈ ബീം, കോളം (5.2.2 ഇനം 3) | 4.331 | | |
| വാൾ, സ്ലാബ്, റൂഫ്, ബീം (5.3 ഇനം 4) | 8.063 | | |
| ആകെ | 16.118 | | |

എസ്റ്റിമേറ്റ് പ്രകാരം 17.807 ക്യൂബിക് മീറ്റർ കോൺക്രീറ്റിംഗിന് 1455.410 കി.ഗ്രാം. കമ്പിയാണ് കണക്കാക്കിയത്. അതായത് ഒരു ക്യൂബിക് മീറ്ററിന് 81.73 കി.ഗ്രാം. കമ്പി. എന്നാൽ എം ബുക്ക് പ്രകാരം 16.118 ക്യൂബിക് മീറ്റർ കോൺക്രീറ്റിംഗിന് 2245.614 കി.ഗ്രാം. കമ്പി ഉപയോഗിച്ചിരിക്കുന്നു. എസ്റ്റിമേറ്റ് അനുസരിച്ച് ഒരു ക്യൂബിക് മീറ്ററിന് 81.73 കി.ഗ്രാം. കമ്പി ഉപയോഗിക്കേണ്ടതിനു പകരം, 139.32 കി.ഗ്രാം. കമ്പിയാണ് ഉപയോഗിച്ചിരിക്കുന്നത്. എസ്റ്റിമേറ്റ് പ്രകാരമുള്ള കോൺക്രീറ്റ് പ്രവൃത്തി പൂർണമായും ചെയ്യാതിരിക്കെ എസ്റ്റിമേറ്റ് അളവിൽ അധികരിച്ച് കമ്പി ഉപയോഗിക്കാനുള്ള കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/13-12-24) എസ്റ്റിമേറ്റിൽ സ്ലാബിന്റെ കോൺക്രീറ്റിനാവശ്യമായ കമ്പിയുടെ അളവ് കണക്കാക്കി എസ്റ്റിമേറ്റ് കണക്കാക്കിയതിൽ വന്ന പിശകാണെന്നും വാട്ടർ ടാങ്കിന് മറ്റ് പ്രവൃത്തികളെ അപേക്ഷിച്ച് കൂടുതൽ കമ്പി ആവശ്യമായിവന്നതിനാലും ആണ് കമ്പിയുടെ അളവ് കൂടിയതെന്ന് മറുപടി ലഭ്യമാക്കി. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതെ കൃത്യതയോടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ പൊതുമരാമത്ത് ചട്ടങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 1402 പ്രകാരം ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് മുമ്പുതന്നെ സൈറ്റ് പരിശോധനയും പ്രാഥമിക അന്വേഷണവും നടത്തി ശരിയായ ഡേറ്റയാണ് ഉൾപ്പെടുത്തുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ 2023-2024 സാമ്പത്തിക വർഷം നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച എസ്റ്റിമേറ്റിലെ ചിലയിനങ്ങൾ ഒഴിവാക്കുകയും അധികയിനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രാഥമികമായി സൈറ്റ് പരിശോധന നടത്തി പ്രവൃത്തി സംബന്ധിച്ച് ശരിയായ പഠനം നടത്തിയിരുന്നുവെങ്കിൽ എക്സ്ട്രാ ഇനങ്ങൾ ഒഴിവാക്കാമായിരുന്നു. കൂടാതെ എസ്റ്റിമേറ്റ് പ്രകാരം കണക്കാക്കിയ ചില ഇനങ്ങൾ ഒഴിവാക്കുകയും മറ്റ് ചില ഇനങ്ങൾ വളരെ കൂടുതൽ അളവിൽ ചെയ്യുന്ന പ്രവണത മിക്ക പ്രോജക്ടിലും ഉൾപ്പെടുത്തിക്കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

പാണംകുഴി ഗ്രൌണ്ട് നെറ്റ് ഇടൽ (പ്രോജക്ട് നമ്പർ-161/24) എന്ന പ്രോജക്ട് പ്രകാരം ഇനം 1 (2.6.1) – എർത്ത് വർക്ക് എക്സ്കവേഷൻ , ഇനം 2 (4.1.3)- 1:2:4 സിമന്റ് കോൺക്രീറ്റ് എന്നിവ 30cm നീളത്തിലും 30cm വീതിയിലും 40cm ആഴത്തിലും ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ്. എന്നാൽ എം.ബുക്ക് പ്രകാരം എർത്ത് വർക്ക് എക്സ്കവേഷൻ 40cm നീളത്തിലും 40cm വീതിയിലും 30cm ആഴത്തിലും 1:2:4 സിമന്റ് കോൺക്രീറ്റ് 40cm നീളത്തിലും 40cm വീതിയിലും 60cm ആഴത്തിലുമാണ് ചെയ്തിരിക്കുന്നത്. എസ്റ്റിമേറ്റിൽ നിന്ന് വളരെ വ്യതിചലിച്ചാണ് പ്രവൃത്തി ചെയ്തിരിക്കുന്നത്. മാത്രവുമല്ല, നെറ്റ് ഇടുന്നതിനായി GI പോസ്റ്റുകൾ സ്ഥാപിക്കുന്നതിനായി ഇത്രയും കൂടിയ അളവുകളിൽ കോൺക്രീറ്റിംഗിന്റെ ആവശ്യവുമില്ല. കൂടാതെ 75mm GI പോസ്റ്റുകൾ 15 എണ്ണം ഇടുന്നതിനാണ് എസ്റ്റിമേറ്റെങ്കിലും 50mm GI പോസ്റ്റുകൾ 13 എണ്ണമാണ് സ്ഥാപിച്ചിരിക്കുന്നത്. ഇനം 4 (10.26.1) –പ്രൊവൈഡിംഗ് & ഫിക്സിംങ്ങ് ഹാന്റ് റെയിൽ എന്ന പ്രവത്തി 297 Kg ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് . എന്നാൽ 245 Kg മാത്രമാണ് എം ബുക്ക് പ്രകാരം ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരം ഇനം 5 (160.70.1) പ്രൊവൈഡിംഗ് & ഫിക്സിംങ്ങ് GI ചെയിൻ ലിങ്ക് ഫാബ്രിക് ഫെൻസിംഗ് 103.2 ചതുരശ്ര മീറ്റർ ആണ്. എന്നാൽ എം ബുക്ക് പ്രകാരം 113. ചതുരശ്ര മീറ്റർ അളവ് ചെയ്തിട്ടുണ്ട്. 6 –ാം ഇനമായി (13.61.1) പെയിന്റിംഗ് പ്രവൃത്തി 103.2 ചതുരശ്ര മീറ്റർ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും ആയത് ഒഴിവാക്കി. ആയതിന്റെ കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/13-12-24) ഫാബ്രിക് ചെയിൻ ലിങ്ക് ഫെൻസിംഗ് പെയിന്റ് ചെയ്യേണ്ടതിന്റെ ആവശ്യമില്ലെന്നും ശ്രദ്ധക്കുറവ് മൂലം എസ്റ്റിമേറ്റിൽ ഉൾപ്പെട്ടതാണെന്നും മറുപടി ലഭ്യമാക്കി. സൈറ്റ് പരിശോധനയും പ്രാഥമിക അന്വേഷണവും നടത്തി ശരിയായ ഡേറ്റയാണ് ഉൾപ്പെടുത്തുന്നത് എന്ന് ഉറപ്പ് വരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 മരാമത്ത് പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം - ഫൈൻ ഈടാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയിട്ടുള്ള ചുവടെ ചേർക്കുന്ന പ്രവൃത്തി കരാർ പ്രകാരമുള്ള നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിക്കാതിരുന്നിട്ടും നിയമ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിനുള്ള ഫൈൻ കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല. പി.ഡബ്ല്യൂ.ഡി മാന്വൽ - സെക്ഷൻ 2116.1 പ്രകാരം യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവർത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് ഓരോ ആഴ്ചയ്ക്കും പി.എ.സി. യുടെ 0.1% നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷൻ ഈടാക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം നേരിട്ടതിനുള്ള കാരണം വ്യക്തമാക്കുകയോ, പ്രവൃത്തി പൂർത്തീകരണ കാലയളവ് നിയമാനുസൃതം ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടുള്ളതായി ഫയലിൽ കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് നമ്പർ | S 205/24 |

| | |
|---|---|
| പ്രവൃത്തി | മുതുകാടൻ പാറ മിനി കുടിവെള്ള പദ്ധതി |
| കരാറുകാരൻ | ശ്രീ. സാജു റ്റി.റ്റി |
| പി.എ.സി | 6,00,000/- |

**10.03.23-ൽ ഒപ്പുവച്ച കരാർ പ്രകാരം ടി പ്രവൃത്തിയുടെ പൂർത്തീകരണത്തിന് 4 മാസത്തെ കാലാവധിയാണ് നൽകിയിരുന്നത്. ഇതനുസരിച്ച് 11.07.23-നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 04.11.23-ലാണ്. പ്രവർത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം 16 ആഴ്ച.**

**2)**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S 209/24 |
| പ്രവൃത്തി | ചൂരമുടി കനാൽ ബണ്ട് റോഡ് കോൺക്രീറ്റിംഗ് |
| കരാറുകാരൻ | ശ്രീ. ജിറ്റോ കെ .ബേബി |
| പി.എ.സി. | 3,08,546/- |
| എഗ്രിമെന്റ് തീയതി | 27/03/23 |
| പൂർത്തീകരിക്കേണ്ട തീയതി | 27/07/23 |
| പൂർത്തീകരിച്ച തീയതി | 22/02/24 |

**പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം 29 ആഴ്ച.**

**3)**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S 210/24 |
| പ്രവൃത്തി | കണിയാരട്ടപീടിക കുടിവെള്ള പദ്ധതി |
| കരാറുകാരൻ | ശ്രീ. വിക്കി ബാലകൃഷ്ണൻ |
| പി.എ.സി. | 7,89,259/- |
| എഗ്രിമെന്റ് തീയതി | 31/03/22 |
| പൂർത്തീകരിക്കേണ്ട തീയതി | 30/09/22 |
| പൂർത്തീകരിച്ച തീയതി | 26/05/23 |

**പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം 33 ആഴ്ച.**

**4)**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S 218/24 |
| പ്രവൃത്തി | മൂക്കനാട്ട്പാറ കുടിവെള്ള പദ്ധതി |
| കരാറുകാരൻ | ശ്രീ. ജിറ്റോ കെ .ബേബി |
| പി.എ.സി. | 5,27,894/- |
| എഗ്രിമെന്റ് തീയതി | 7/03/23 |
| പൂർത്തീകരിക്കേണ്ട തീയതി | 7/09/23 |
| പൂർത്തീകരിച്ച തീയതി | 24/01/24 |

**പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം 19 ആഴ്ച.**

**5)**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S 220/24 |
| പ്രവൃത്തി | കൃഷി ഓഫീസ് നവീകരണം |
| കരാറുകാരൻ | ശ്രീ. ബേസിൽ പി വർഗീസ് |
| പി.എ.സി. | 2,23,418/- |
| എഗ്രിമെന്റ് തീയതി | 28/03/23 |
| പൂർത്തീകരിക്കേണ്ട തീയതി | 28/05/23 |
| പൂർത്തീകരിച്ച തീയതി | 29/09/23 |

**പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം 17 ആഴ്ച.**

**6)**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S 241/24 |
| പ്രവൃത്തി | അങ്കണവാടി മെയിന്റനൻസ് |

| | |
|---|---|
| കരാറുകാരൻ | ശ്രീ. ജിറ്റോ കെ .ബേബി |
| പി.എ.സി. | 3,70,413/- |
| എഗ്രിമെന്റ് തീയതി | 21/01/23 |
| പൂർത്തീകരിക്കേണ്ട തീയതി | 21/04/23 |
| പൂർത്തീകരിച്ച തീയതി | 27/05/23 |

**പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം 5 ആഴ്ച.**

**മേൽ കരാറുകാർക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ അല്ലാത്തപക്ഷം ഓരോ ആഴ്ചയ്ക്കും പി.എ.സി യുടെ 0.1% നിരക്കിൽ കോമ്പൻസേഷൻ ഈടാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതുമാണ്.**

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**ഇല്ല.**

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**ഇല്ല.**

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2023-24 ഓഡിറ്റിന്റെ ഭാഗമായാണ് വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തിയിട്ടുള്ളത്. | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗ വിവരം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ട് നമ്പരും പേരും | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | | 08/24 – ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ | 159020 | 0 |
| | | 288/24, വിജയഭേരി സ്കോളർഷിപ്പ് | 222500 | 0 |
| | | 197/24 – ലൈഫ് പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് ജനറൽ | 480000 | 0 |
| | | 14/24 – ലൈഫ് ഭവന നിർമ്മാണം ജനറൽ | 2000000 | 0 |

| | | | | |
|---|---|---|---|---|
| | | 16/24 – ലൈഫ് ഭവന നിർമ്മാണം എസ്.സി. | 170000 | 0 |
| | | 15/24 –ലൈഫ് ഭവന നിർമ്മാണം എസ് സി | 1170000 | 0 |
| | | 121/24 – തരിശ് നെൽകൃഷി | 24000 | |
| | | 178/24– കാരുണ്യ സ്പർശം | 70219 | |
| | | 372/24–പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 65000 | |
| ആകെ | 4360739 | | 4360739 | |
| ബ്ലോക്ക് പഞ്ചായത്ത് (കൂവപ്പടി ബ്ലോക്ക്) | 1992194 | 08/24 – ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ | 418560 | 0 |
| | | 14/24 – ലൈഫ് ഭവനനിർമ്മാണം ജനറൽ | 565800 | 0 |
| | | 15/24 –ലൈഫ് ഭവനനിർമ്മാണം എസ്.സി | 690000 | 0 |
| | | 16/24 – ലൈഫ് ഭവനനിർമ്മാണം എസ്.സി | 293834 | 0 |
| | | 121/24 – തരിശ് നെൽകൃഷി | 24000 | 0 |
| | 1992194 | | 1992194 | |
| ആകെ | 63,52,933 | | 63,52,933 | 0 |

## 4–3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തി | ബിൽ നമ്പർ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|
| ANERT | 369/24,കോടമ്പിള്ളി ചിറയ്ക്ക് സോളാർ ലൈറ്റുകൾ സ്ഥാപിക്കൽ | വൗച്ചർ നം.22301046 തീയതി 30.03.24 | 149998 | 149998 | – | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കെ.എസ്.ഇ.ബി. | 94/24, പാണംകുഴി വാർഡിൽ സ്ട്രീറ്റ് ലൈൻ വാർഡ് 1, | ബിൽനം.472/07.03.24 | 2,27,957 | 2,27,957 | – | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 95/24, ക്രാരിയേലിയിലെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് –2, | ബിൽനം.473/07.03.24 | 2,22,346 | 2,22,346 | – | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 98/24, പാണിയേലി വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് –3, | ബിൽനം 471/07.03.24 | 2,45,727 | 2,45,727 | – | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 102/24, ഇടത്തുരുത്ത് വാർഡിലെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് –8, | ബിൽനം.485/15.03.24 | 2,27,544 | 2,27,544 | – | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 104/24, ത്രിവേണി അമ്പലം ഹരിത നഗർ റോഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് –9, | ബിൽനം.487/15.03.24 | 1,28,331 | 1,28,331 | – | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 107/24, പത്താം വാർഡിൽ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | ബിൽനം.483/15.03.24 | 2,49,670 | 2,49,670 | – | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 114/24, വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് –11, | ബിൽനം.481/15.03.24 | 2,06,917 | 2,06,917 | – | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| | 115/24, വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് -12, | 157880 ബിൽനം.544/24.03.24<br>17542 ബിൽനം.544/24.03.24 | 1,75,422 | 1,75,422 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 117/24, ചൂരമുടി കോടമ്പിള്ളിപ്പാറ റോഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് -13, | 59579 ബിൽനം.484/15.03.24<br>90421 ബിൽനം.648/27.03.24 | 1,50,000 | 1,50,000 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 118/24, വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് -14, | ബിൽനം.482/15.03.24 | 2,20,086 | 2,20,086 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 272/24, സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് -05, | 41,634 ബിൽനം.327/05.01.24<br>3966/- വൗച്ചർ നം. 22300809 തീയതി 17.02.24 | 45,600 | 45,600 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 274/24, മുനിപ്പാറ വാർഡിലെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | ബിൽനം.486/15.03.24 | 2,56,023 | 2,56,023 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 287/24, വിവിധ പ്രവൃത്തികൾ നടക്കുന്നയിടങ്ങളിൽ തടസ്സമായി നിൽക്കുന്ന വൈദ്യുത തൂണുകൾ മാറ്റൽ തുക അടക്കൽ | ബിൽനം. 192/27.09.23 | 18,097 | 18,097 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 152/24, കൊള്ളിമറ്റം കുടിവെള്ള പദ്ധതി ഇലക്ട്രിഫിക്കേഷൻ പൂർത്തീകരണം | ബിൽനം. 202/06.10.23 | 1,60,376 | 1,60,376 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | ആകെ | | 26,84,094 | 26,84,094 | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷത്തെ വായ്പാ തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ലോൺ കെയുആർഡിഎഫ്സി വഴി ലഭിച്ചത് | ----- | 24054522 | 16498000 | 40552522 | 4253478 | ----- | 36299044 |

ജി ഒ പ്രൊജക്ട് മുഖേന തുക അടവാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| നമ്പർ | പേര് | തുക |
|---|---|---|
| എസ് 0383/24 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ടി.എസ്.പി) | ₹136759 |
| എസ് 0389/24 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ടി എസ്.പി) | ₹136759 |
| എസ് 0393/24 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ടി എസ്.പി) | ₹136759 |
| എസ് 0392/24 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ് എസ്.പി) | ₹549904 |
| എസ് 0384/24 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) | ₹549905 |

| | | |
|---|---|---|
| എസ് 0388/24 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) | ₹549905 |
| എസ് 0391/24 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | ₹731161 |
| എസ് 0381/24 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | ₹731163 |
| എസ് 0387/24 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | ₹731163 |
| | ആകെ | ₹4253478 |

**4-6 സ്ഥിരനിക്ഷേപങ്ങൾ**

ഇല്ല

**4-7 ഓഡിറ്റ് റിക്കവറി**

ഇല്ല

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം**

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 46 | 2003-04 | | പാണംകുഴി ബാലവാടി വികസനം | തുക അടവാക്കി |
| 2013-14, 2014-15 | 2(3) | 2016-17 | അദ്ധ്യായം 2 | തൊഴിൽ നികുതി -അപാകതകൾ | തുടർനടപടികൾ സ്വീകരിച്ച് വിശദീകരണ പത്രിക നൽകി |
| 2015-16 | 2-2 | 2016-17 | | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | തുടർനടപടികൾ സ്വീകരിച്ച് വിശദീകരണ പത്രിക നൽകി |

**4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം**

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | ₹6,98,95,387 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹5,46,47,751/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം /ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹41,05,650/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം വരവിനങ്ങളിലുള്ള നഷ്ടം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | ₹2,04,820/- | ശ്രീ. അഫ്സൽ രാജ് എം.ആർ,<br>സെക്രട്ടറി,<br>വേങ്ങൂർ ഗ്രാമപഞ്ചായത്ത് |

| | | |
|---|---|---|
| 1-15 | ₹32,41,102/ | ശ്രീ. അഫ്സൽ രാജ് എം.ആർ,<br>സെക്രട്ടറി,<br>വേങ്ങൂർ ഗ്രാമപഞ്ചായത്ത് |
| 1-21 | ₹6,59,728/- | വിക്ടർ ജോസഫ് കൊറയ,<br>മെഡിക്കൽ ഓഫീസർ,<br>വേങ്ങൂർ ഗ്രാമപഞ്ചായത്ത് |
| ആകെ | ₹41,05,650/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അഫ്സൽ രാജ് എം.ആർ,<br>സെക്രട്ടറി,<br>വേങ്ങൂർ ഗ്രാമപഞ്ചായത്ത് | സെക്രട്ടറി,<br>വേങ്ങൂർ ഗ്രാമപഞ്ചായത്ത് | കൊല്ലാർകുളങ്ങര വീട്,<br>അവലൂക്കന്നം, പി.ഒ.<br>ആര്യാട്, ആലപ്പുഴ |
| വിക്ടർ ജോസഫ് കൊറയ,<br>മെഡിക്കൽ ഓഫീസർ,<br>വേങ്ങൂർ ഗ്രാമപഞ്ചായത്ത് | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി., വേങ്ങൂർ | കുറ്റിക്കപറമ്പിൽ ഹൗസ്,<br>മഞ്ഞുമ്മൽ പി.ഒ.,<br>ഏലൂർ -683501. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.ഇ.കെ.എം.(പി2) 763(II)/2019/തീ.06.07.19 | 1 |
| 1999-2000 | കെ.എസ്.എ.ഇ.കെ.എം.(പി2) 763(III)/2019/തീ.06.07.19 | 8 |
| 2005-06 | എൽ എഫ് ഇ (പി2)1338/10 തീ.19.12.11 | 6 |
| 2006-07 | എൽ എഫ് ഇ (പി2)1339/10 തീ.19.12.11 | 7 |
| 2007-08 മുതൽ 2010-11 | എൽ എഫ് ഇ (പി2)1612/12/തീ.1.9.12 | 14 |
| 2011-12 To 2012-13 | എൽ എഫ് ഇ (പി2)763(IV)/2019/തീ.06.07.19 | 14 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി2)763(V)/2019 /തീ.06.07.19 | 11 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി2)2243/16/ തീ.31.01.2017 | 16 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(പി2)674/19/ തീയതി.26.7.19 | 10 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം.(പി2)161/19/ തീയതി.15-07-19 | 13 |

| | | |
|---|---|---|
| 2018-19 | നം.കെ.എസ്.എ.-ഇകെഎം(പി.2)275/2020, തീയതി.16.03.2020 | 15 |
| 2019-20 | നം. കെ.എസ്.എ-ഇ.കെ.എം.(പി2)1914/2021 തീയതി 08.04.2022 | 47 |
| 2020-21 | നം. കെ.എസ്.എ-ഇ.കെ.എം.(പി2)1915/2021 തീയതി 08.04.2022 | 40 |
| 2021-22 | നം. കെ.എസ്.എ-ഇ.കെ.എം.(പി2)262/2023 തീയതി 13.04.2023 | 55 |
| 2022-23 | നം. കെ.എസ്.എ-ഇ.കെ.എം.(പി2)1672/2023 തീയതി 13.12 .2023 | 55 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## Annexure-1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 3 dated 3 dated 20-06-2024 and submitted on 19-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Vengoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Vengoor Grama Panchayat as on 31-03-2024

Date: 27/12/2024 Deputy Director

Kerala State Audit Department

**Audit Report appended to the Audit Certificate of Vengoor Grama Panchayat for the Year 2023-2024.**

**1.Major Observations**

1. Lack of Panchayath Raj Budget rules adversely affecting budgetary control system.

2. Non inclusion of Notes to Accounts in Financial statements and non disclosure of material facts.

## 2.Other Observations

1. Basic ratios to be included in the annual financial statements (Kerala Panchayat Raj Accounts Rules 2011, rule 62(f)) are not included.
2. Cash Flow statement Net increase / decrease in cash flow do not match with difference between opening balance and closing balance.
3. Property tax figures do not match between the annual financial statements and Sanjaya figures.
4. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.
5. Deposit given to ANERT is not entered in B-18 Schedule.
6. There is a difference of Rs. 358366 in deposit given to KSEB and the amount shown in Annual Financial Statement.
7. There is a difference of Rs. 40709/- in the expenditure total of CEC Basic + CFC tied grant, between Sulekha statement and AFS.
8. Health grant expenditure figures doesnot match between the I6 Schedule and trial balance.
9. Closing balance of literacy grant in B17 schedule and B4 schedule is not matching.
10. Expenditure in the Other Schemes head (320100152) in I6 schedule is not matching with that of in ledger.
11. Closing balance of the programme for persons with disabilities head included in B17 schedule is not matching with that in B4 schedule.

12. Closing balance of the Covid donation head included in B17 schedule is not matching with that in B4 schedule.

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

**എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**